
02
ബുധൻ
നവംബർ 2022
1198 തുലാ 16
Vol 4 Issue No 308

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 08
www.keralapranamam.com
infokeralapranamam@gmail.com





# വിഴിഞ്ഞം സമരത്തിനെതിരെ ഒന്നിച്ച് സിപിഎമ്മും ബിജെപിയും; വേദി പങ്കിട്ട് നേതാക്കൾ

**തിരുവനന്തപുരം:** വിഴിഞ്ഞം തുറമുഖ സമരത്തിനെതിരെ സംഘടിപ്പിച്ച പരിപാടിയിൽ വേദി പങ്കിട്ട് സി.പി.എം.- ബി.ജെ.പി. നേതാക്കൾ. സി.പി.എം. ജില്ലാ സെക്രട്ടറി ആനാവൂർ നാഗപ്പനും ബി.ജെ.പി. ജില്ലാ പ്രസിഡന്റ് വി.വി. രജേഷുമാണ് ഒരേ വേദിയിൽ എത്തിയത്. വിഴിഞ്ഞം സമരത്തിനെതിരെ ജനങ്ങൾ അണിനിരക്കണമെന്ന് ആനാവൂർ നാഗപ്പൻ പരിപാടിയിൽ പറഞ്ഞു. സമരത്തിനെതിരായ കൂട്ടായ്മകൾക്ക് സി.പി.എം. പിന്തുണ നൽകുമെന്നും അദ്ദേഹം വ്യക്തമാക്കി. കേന്ദ്രവും സംസ്ഥാനവും ഒരുമിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് വിഴിഞ്ഞം തുറമുഖമെന്നായിരുന്നു വി.വി. രാജേഷിന്റെ പ്രതികരണം.

തുറമുഖ നിർമ്മാണത്തിനെതിരെ ലത്തീൻ അതിരൂപതയുടെ നേതൃത്വത്തിൽ സമരം നടക്കുന്ന മുല്ലൂരിലെ പ്രാദേശിക കൂട്ടായ്മയാണ് സമരത്തിനെതിരെ രംഗത്തുവന്നിരിക്കുന്നത്. സമരപന്തൽ പൊളിക്കണമെന്നും തുറമുഖം തടസ്സപ്പെടുത്തരുതെന്നുമാണ് ഇവരുടെ ആവശ്യം. മുല്ലൂരിൽ നടത്തിവരുന്ന പ്രതിഷേധത്തിന്റെ തുടർച്ചയായി സെക്രട്ടേറിയേറ്റിലേക്ക് നടത്തിയ ലോങ്മാർച്ചിലാണ് ബി.ജെ.പി- സി.പി.എം. നേതാക്കൾ ഒരുമിച്ചെത്തിയത്.

വിഴിഞ്ഞം സമരസമിതി കലാപത്തിന് കോപ്പുകൂട്ടുന്നുവെന്ന് മന്ത്രി വി.ശിവൻകുട്ടി. മന്ത്രിയുടെ ഓഫീസിൽ നിന്ന് പുറത്തുവിട്ട വാർത്ത കുറിപ്പിലാണ് ഈ ആരോപണം. വിശ്രമത്തിലായിരിക്കുന്ന ഡോ.സൂസപാക്യത്തെ സമരത്തിന് ഇറക്കാൻ സമരസമിതി ശ്രമിക്കുന്നു. ഇത് അപകടകരമായ നീക്കമാണ്. അദ്ദേഹത്തിന്റെ ആരോഗ്യത്തിന് എന്തെങ്കിലും സംഭവിച്ചാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്തം സമരസമിതിക്കാണ്.

സമരത്തെ വിമർശിച്ച് കഴിഞ്ഞ ദിവസം ദേശാഭിമാനിയും മുഖപ്രസംഗമെഴുതിയിരുന്നു. ഒരു വിഭാഗം സമരത്തെ സമാധാനപരമായി നേരിടുമ്പോൾ മറ്റൊരു വിഭാഗം കലാപത്തിന് ശ്രമിക്കുകയാണെന്നായിരുന്നു ദേശാഭിമാനിയുടെ വിമർശനം. വിഴിഞ്ഞം സമരസമിതിയുമായി ഒരു ഭാഗത്ത് സർക്കാർ പ്രതിനിധികൾ സമവായശ്രമത്തിന് ശ്രമിക്കുമ്പോഴാണ് സമരത്തെ കലാപമായി മുദ്രകുത്താൻ സിപിഎമ്മിന്റെ ഭാഗത്തുനിന്നുള്ള ശ്രമം.

# ഡൽഹി സർക്കാരിനെ പിടിച്ചുകുലുക്കുന്ന ആരോപണങ്ങളുമായി സുകേഷ് ചന്ദ്രശേഖർ

## ആം ആദ്മി പാർട്ടിയ്ക്ക് 50 കോടി നൽകി, സത്യേന്ദ്ര ജെയിന് നൽകിയത് 10 കോടി

**ന്യൂഡൽഹി:** ആം ആദ്മി പാർട്ടി സർക്കാരിനെതിരെ ശക്തമായ ആരോപണവുമായി സാമ്പത്തിക തട്ടിപ്പിന് ജയിലിലായ സുകേഷ് ചന്ദ്രശേഖർ.

കള്ളപ്പണം വെളുപ്പിച്ച കേസിൽ ജയിലിലായ ഡൽഹിയിലെ മുൻ മന്ത്രി സത്യേന്ദ്ര ജെയിനെതിരെ കടുത്ത ആരോപണമാണ് സുകേഷ് ഉയർത്തിയത്. പത്ത് കോടിരൂപ തന്നെ ഭീഷണിപ്പെടുത്തി സത്യേന്ദ്ര ജെയിൻ നേടിയെടുത്തെന്ന് സുകേഷ് ആരോപിക്കുന്നു. ഡൽഹി ലഫ്.ഗവർണർ വി.കെ സക്സേനയ്ക്ക് ഇതടക്കം നിരവധി ഗുരുതര ആരോപണങ്ങളടങ്ങിയ പരാതി കത്ത് ഇയാൾ അയച്ചിരുന്നു.


ആം ആദ്മി പാർട്ടി സൗത്ത് സോൺ മുഖ്യസ്ഥാനം വാഗ്ദ്ധാനം ചെയ്ത് 50 കോടിയിലധികം രൂപ പാർട്ടി തട്ടിയെടുത്തു. രാജ്യസഭാ സീറ്റും തനിക്ക് വാഗ്ദ്ധാനം ചെയ്തിരുന്നു. 2015 മുതൽ സത്യേന്ദ്ര ജെയിനുമായി തനിക്ക് പരിചയമുണ്ട്. എഐഎഡിഎംകെയിൽ ശശികല വിഭാഗത്തോടൊത്ത് പ്രവർത്തിച്ചതും കത്തിലൂടെ സുകേഷ് ചന്ദ്രശേഖർ പറയുന്നുണ്ട്. 2017മുതൽ തീഹാർ ജയിലിൽ സാമ്ബത്തിക തട്ടിപ്പ് കേസുകൾക്ക് തടവ്ശിക്ഷ അനുഭവിക്കുകയാണ് സുകേഷ്.

അണ്ണാ ഡിഎംകെയുടെ രണ്ടില ചിഹ്നവുമായി ബന്ധപ്പെട്ട് അഴിമതി കേസിൽ തീഹാർ ജയിലിൽ കഴിയുമ്ബോൾ സത്യേന്ദ്ര ജെയിൻ തന്നെ പലതവണ വന്ന് കണ്ടെന്നും അടിസ്ഥാന സൗകര്യം വർദ്ധിപ്പിച്ച് തരാൻ കോടികൾ ആവശ്യപ്പെട്ടുവെന്നും സുകേഷ് പറയുന്നു. 2019ലായിരുന്നു ഇത്. ജയിൽ ഡിജിയായ സന്ദീപ് ഗോയൽ തന്നോട് വിശ്വസ്തതയുള്ളയാളാണെന്നും അദ്ദേഹത്തിന് 1.50 കോടി നൽകണമെന്നും മന്ത്രി അന്ന് പറഞ്ഞതായും സുകേഷ് ആരോപിച്ചു. ഇങ്ങനെ സമ്മർദ്ദത്തിലാക്കിയാണ് 10 കോടി സ്വന്തമാക്കിയത്. ജയിൽ ഡിജിയ്ക്ക് 12.50 കോടി രൂപയും നൽകി. സംഭവത്തിൽ സിബിഐ അന്വേഷണം ആവശ്യപ്പെട്ട് ഡൽഹി ഹൈക്കോടതിയിൽ സുകേഷ് റിട്ട് ഫയൽ ചെയ്തിട്ടുണ്ട്. എന്നാൽ താൻ അന്വേഷണ സംഘത്തോട് ഇക്കാര്യം വെളിപ്പെടുത്തിയിട്ടും ഒരു നടപടിയും ഉണ്ടായില്ല എന്നാണ് സുകേഷ് ചന്ദ്രശേഖരന്റെ പരാതി. മാത്രമല്ല കോടതിയിൽ നൽകിയ പരാതി പിൻവലിക്കാനും ഇവർ നിർബന്ധിച്ചു. എന്നാൽ സുകേഷിന്റെ ഈ ആരോപണങ്ങളെല്ലാം ആം ആദ്മി പാർട്ടി അദ്ധ്യക്ഷൻ അരവിന്ദ് കേജ്രിവാൾ തള്ളി. ഇത് ഗുജറാത്തിലെ പാലം ദുരന്തത്തിൽ നിന്ന് ശ്രദ്ധ മാറ്റാനാണെന്നും കേജ്രിവാൾ ആരോപിച്ചു.



## ആശാൻ

വിഴിഞ്ഞം സമരത്തിനെതിരെ ഒന്നിച്ച് സിപിഎമ്മും ബിജെപിയും; വേദി പങ്കിട്ട് നേതാക്കൾ



ഇപ്പൊ പട്ടാ പകലും ഭായ് ഭായ്

# ഇലന്തൂർ നരബലി; കൊലപ്പെട്ടവരിൽ ഒരാൾ പത്മതന്നെ, ഉറപ്പിച്ചത് ഡി എൻ എ പരിശോധനയിൽ

**കൊച്ചി:** ഇലന്തൂരിലെ നരബലിക്കേസിൽ കൊല്ലപ്പെട്ടവരിൽ ഒരാൾ കാണാതായ പത്മയെന്ന് സ്ഥിരീകരിച്ചു. ഇലന്തൂരിൽ നിന്ന് കണ്ടെടുത്ത മൃതദേഹാവശിഷ്ടങ്ങളിൽ ചിലതിന്റെ ഡി എൻ എ പരിശോധനഫലം ഇന്ന് പുറത്തുവന്നതോടെയാണ് കൊല്ലപ്പെട്ടവരിൽ ഒരാൾ പത്മയാണെന്ന് തിരിച്ചറിഞ്ഞത്.കണ്ടെടുത്ത എല്ലാ മൃതദേഹാവശിഷ്ടങ്ങളുടെയും ഡി എൻ എ പരിശോധന പൂർത്തിയാക്കിയിട്ടില്ല. ഡി എൻ എ പരിശോധനയ്ക്ക് ശേഷം മാത്രമേ മൃതദേഹം ബന്ധുക്കൾക്ക് വിട്ടുനൽക്കുകയുള്ളുയെന്ന് പൊലീസ് അറിച്ചു.

ഇലന്തൂരിലെ വീട്ടുവളപ്പിൽ പത്മയുടെ മൃതദേഹം പലകഷണങ്ങളാക്കി വെട്ടി നുറുക്കിയാണ് കുഴിച്ചിട്ടിരുന്നത്. അവിടെ നടത്തിയ പൊലീസ് പരിശോധനയിൽ കണ്ടെടുത്ത മൃതദേഹങ്ങളുടെ അവശിഷ്ടങ്ങളിൽ നിന്ന് ഡി എൻ എ സാമ്ബിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയച്ചിരുന്നു. അതിന്റെ ഫലമാണ് ഇന്ന് വന്നത്.

തമിനാട് സ്വദേശി പത്മയുടെ മൃതദേഹം വിട്ടു നൽക്കണമെന്ന ആവശ്യമുന്നയിച്ച് മുൻപ് തന്നെ മകൻ സെൽവരാജ് രംഗത്ത് വന്നിരുന്നു. മൃതദേഹം വിട്ടുനൽകുന്നത് സംബന്ധിച്ച് പൊലീസിൽ നിന്ന് യാതൊരു വിവരവും ലഭിച്ചിട്ടില്ലയെന്ന് സെൽവരാജ് പറയുന്നു. ഇതിനായി മുഖ്യമന്ത്രിക്ക് രണ്ട് തവണ പരാതി നൽകിയിട്ടും നടപടിയെടുത്തില്ലെന്നും പത്മയുടെ മകൻ പറഞ്ഞു.

APIS Kidney Stone Institute & Scan Center
Near SBI Bank,Kunnummal,Kanhangad
Ph: 2207090, 9037967063, Kasaragod: 8891910909
കിഡ്നിയിലെ കല്ല് ഇനി കീഹോൾ സർജറി വേണ്ട....
ഡോ. മുഹമ്മദ് സലിം
യൂറോളജിസ്റ്റ്
(മംഗലാപുരം - എല്ലാ ദിവസവും 5 PM)
(തിങ്കൾ, ബുധൻ, വെള്ളി 12 PM)
ഡോ. രാഘവേന്ദ്ര
ന്യൂറോളജിസ്റ്റ്
(മംഗലാപുരം - ബുധൻ 1 PM )
നെഫ്രോളജിസ്റ്റ്
ഡോ. അഭയ നാരായണ
MBBS. MD. DNB
(മംഗലാപുരം - വ്യാഴം 3 PM )
ഡോ. ഗീത പൈ
(എല്ലാ ദിവസവും 3 PM)
ഡോ. പ്രകാശ് പൈ
(എല്ലാ ദിവസവും 3 PM)
അൾട്രാ സൗണ്ട് സ്കാനിംഗ് എല്ലാ ദിവസവും



# എഴുത്തച്ഛൻ പുരസ്കാരം സേതുവിന്

**കോട്ടയം:** മലയാളസാഹിത്യത്തിന്നു നൽകിയ സമഗ്രസംഭാവന പരിഗണിച്ചു കേരള സർക്കാരിന്റെ ഏറ്റവും വലിയ സാഹിത്യബഹുമതിയായ എഴുത്തച്ഛൻ പുരസ്കാരം ( 2022) ശ്രീ സേതുവിനു സമർപ്പിക്കുകയാണെന്ന് സാംസ്കാരികവകുപ്പ് മന്ത്രി വി.എൻ വാസവൻ പത്രസമ്മേളനത്തിൽ അറിയിച്ചു. മലയാളസാഹിത്യത്തിന് നൽകുന്ന സമഗ്രസംഭാവനകളെ മാനിച്ചുകൊണ്ട് വർഷം തോറും നൽകുന്ന പുരസ്കാരം അഞ്ച് ലക്ഷം രൂപയും പ്രശസ്തിപത്രവുംശില്പവുമടങ്ങുന്നതാണ്.

കേരളസാഹിത്യഅക്കാദമി പ്രസിഡന്റ് കെ സച്ചിദാനന്ദൻ ചെയർമാനും പ്രൊഫസർ എം കെ സാനു, വൈശാഖൻ, കാലടി ശ്രീശങ്കരാചാര്യസർവ്വകലാശാല വൈസ് ചാൻസലർ ഡോ എം വി നാരായണൻ, സാംസ്കാരികവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റാണി ജോർജ്ജ് ഐ എ എസ് എന്നിവരംഗങ്ങളുമായ വിധിനിർണ്ണയസമിതി 2022 ലെ എഴുത്തച്ഛൻപുരസ്കാരം നോവലിസ്റ്റും കഥാകൃത്തുമായ സേതുവിന് സമർപ്പിക്കാൻ ഏകകണ്ഠമായി ശുപാർശ ചെയ്തത്.

മലയാളകഥയിലും നോവലിലും സ്വന്തമായ ഒരിടം കണ്ടെത്തിയ മുതിർന്ന എഴുത്തുകാരനാണ് സേതു. സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ചെയർമാൻ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ബാങ്കിന്റെ ഡയറക്ടർ, നാഷണൽ ബുക്ക് ട്രസ്റ്റ് ഓഫ് ഇന്ത്യയുടെ ചെയർമാൻ തുടങ്ങിയ വലിയ പദവികളിൽ മഹത്തായ സംഭാവനകൾ നൽകിയ ശ്രേഷ്ഠവ്യക്തിത്വമാണ് അദ്ദേഹം.

ആലുവയിൽ കടുങ്ങല്ലൂരിലെ പ്രശാന്തസുന്ദരമായ അന്തരീക്ഷമുള്ള വീട്ടിൽ സേതു അക്ഷരത്തെ ഉപാസിച്ചുകൊണ്ട് എൺപത് വയസ്സ് പിന്നീടുകയാണ്. അദ്ദേഹത്തെ മലയാളത്തിലെ മിക്കവാറും പ്രധാനപ്പെട്ട എല്ലാ അവാർഡുകളും തേടിവന്നിട്ടുണ്ട്. പാണ്ഡവപുരം, കൈമുദ്രകൾ, അടയാളങ്ങൾ, കിരാതം, ആറാമത്തെ പെൺകുട്ടി, കിളിമൊഴികൾക്കപ്പുറം തുടങ്ങിയ നോവലുകൾ മലയാളത്തിൽ ബെസ്റ്റ് സെല്ലറുകളാണ്. നോവലിനും കഥയ്ക്കുമീടയിൽ വിവിധ ഇന്ത്യൻ ഭാഷകളിലും വിദേശഭാഷകളിലും അദ്ദേഹത്തിന്റെ കഥകളും നോവലുകളും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഒട്ടേറെ സിനിമകൾക്കും അദ്ദേഹത്തിന്റെ കഥകൾ അടിസ്ഥാനമായി.

സേതു എന്ന എഴുത്തുകാരന്റെ ജീവിതാനുഭവങ്ങൾ പുതുതലമുറയെ പ്രചോദിപ്പിക്കുന്ന ഒരു പാഠപുസ്തകമാണ്. ജീവിതാനുഭവങ്ങളുടെ ഒരു വലിയ ബാങ്ക് നിക്ഷേപമുള്ള വലിയ എഴുത്തുകാരനാണ് അദ്ദേഹം. പ്രസ്ഥാനങ്ങളുടെയും പ്രവണതകളുടെയും നിർവ്വചനങ്ങൾക്ക് അപ്പുറം നിന്നുകൊണ്ട് എഴുത്തിനെ നവീകരിക്കാനും സമകാലികമാക്കാനും ശ്രദ്ധവെയ്ക്കുന്ന എഴുത്തുകാരനാണ് സേതു. പ്രമേയത്തിലും രചനാശൈലിയിലും പുതുമ കൊണ്ടുവരാൻ കാണിച്ച സൂക്ഷ്മജാഗ്രത സേതുവിനെ വ്യത്യസ്തനാക്കുന്നു. അതോടൊപ്പം തന്റെ രചനകളും ജീവിതവും വഴി ജനാധിപത്യ, മതനിരപേക്ഷ മൂല്യങ്ങൾ ഉയർപ്പിപ്പിടിക്കുന്ന എഴുത്തുകാരനാണ് സേതു.

മലയാളസാഹിത്യത്തിലെ കുലപതിമാരിൽ ഒരാളായ എം.ടി.വാസുദേവൻനായരാണ് സേതുവിന്റെ ആദ്യരചനകളെ മാതൃഭൂമി ആഴ്ചപ്പതിപ്പിലൂടെ പ്രകാശിപ്പിച്ചത്. സേതുവിന്റെ സർഗാത്മകജീവിതം ഒരു തീർത്ഥാടനം പോലയാണെന്ന് എം.ടി. അടയാളപ്പെടുത്തിയിട്ടുണ്ട്. എല്ലാവരും പോയ വഴിയിലൂടെയല്ലാതെ തന്റേതായ ഒരു രീതി കണ്ടെത്തിയ സേതുവിനെ എം.ടി. ശ്ലാഘിക്കുന്നു.

ഏറ്റവും ആധുനികമായ കാലത്തെ അഭിസംബോധന ചെയ്യുമ്പോഴും ഒരു ഗ്രാമീണനായ നാട്ടിൻപുറത്തുകാരന്റെ മനസ്സ് സേതു നിലനിർത്തുന്നു. കഥകളിലും നോവലിലും പുതിയ അഭിരുചിയും സംവേദനവും കൊണ്ടുവന്ന സേതു എല്ലാ തലമുറയിലുംപെട്ട വായനക്കാരുടെ പ്രിയപ്പെട്ട എഴുത്തുകാരനാണ്. പാരമ്പര്യത്തെയും ആധുനികതയെയും സമന്വയിപ്പിക്കാൻ ശ്രമിച്ച സേതുവിന്റെ ആഖ്യാനഭാഷ ഹൃദ്യവും ലളിതവുമാണ്. നാട്ടുഭാഷണത്തിന്റെ മൊഴിവഴക്കങ്ങൾ അദ്ദേഹം അതിമനോഹരമായി പ്രയോജനപ്പെടുത്തുന്നു. തികച്ചും നൈസർഗ്ഗികമായ ഒരു ഭാഷാന്തരീക്ഷമാണ് സേതുവിന്റെ ആഖ്യാനകലയിൽ നിറഞ്ഞുനിൽക്കുന്നത്.

കുടുംബബന്ധങ്ങളെക്കുറിച്ച് എഴുതുമ്പോഴാണ് സേതുവിലെ എഴുത്തുകാരന്റെ പ്രതിഭ നിറഞ്ഞുകത്തുന്നത്. ആധുനികകാലഘട്ടത്തിലെ ജീവിക്കാനുള്ള നെട്ടോട്ടത്തിൽ മനുഷ്യർക്ക് നഷ്ടപ്പെടുന്ന പാരസ്പര്യവും നൈർമ്മല്യവും സേതു ഒപ്പുകടലാസിലെന്നതുപോലെ ഒപ്പിയെടുക്കുന്നു. ഹൃദയബന്ധങ്ങൾക്ക് തകർച്ച സംഭവിക്കുമ്പോഴും കുടുംബം നിലനിർത്താൻ എല്ലാം സഹിക്കുന്ന സ്ത്രീകൾ സേതുവിന്റെ മികച്ച കഥാപാത്രങ്ങളാണ്. ആഗോളവൽക്കരണകാലത്തെ സാമ്പത്തികപ്രക്രിയകളും മനുഷ്യജീവിതവും തമ്മിലുള്ള ഇഴപിരിയാത്ത ബന്ധങ്ങളുടെ ആർദ്രമോഹനമായ ആവിഷ്കാരമാണ് അടയാളങ്ങൾ. പാണ്ഡവപുരം എന്ന സേതുവിന്റെ മാസ്റ്റർപീസായ നോവൽ മലയാളനോവൽചരിത്രത്തിൽ ഒരു വിച്ഛേദംതന്നെ കൊണ്ടുവന്നു. ഇതിവൃത്തത്തിന്റെയും ഭാവഭദ്രതയുടെയും സമന്വയമായി വാർന്നുവീണ അതുല്യമായ നോവലാണ് പാണ്ഡവപുരം. മലയാളികളുടെ സദാചാരസങ്കല്പങ്ങളെയും മൂല്യവിചാരങ്ങളെയും നിർഭയം അഭിമുഖീകരിക്കാനും ആഴത്തിൽ പുതുക്കിപ്പണിയാനും ആർജ്ജവം കാണിച്ച പാണ്ഡവപുരം എന്ന ഒരൊറ്റ നോവൽ മതി സേതുവിന് മലയാളസാഹിത്യത്തിൽ അനശ്വരത നേടാൻ.

കേരളീയമായ സാമൂഹ്യപരിസരങ്ങളെ ആവിഷ്കരിക്കുമ്പോൾ ഭ്രമാത്മകതയുടെയും പേടിസ്വപ്നങ്ങളുടെയും അനുഭവലോകത്തെ കൂടി സേതു സൃഷ്ടിക്കുന്നു. അബോധമനസ്സിന്റെ ആഴങ്ങളിൽ മറഞ്ഞുകിടക്കുന്ന ആദിമചോദനകളെ സേതു സാക്ഷ്യപ്പെടുത്തുന്നു. ഫാന്റസി മലയാളത്തിൽ ഏറ്റവും ഉചിതവും അർത്ഥപൂർണ്ണവുമായി പ്രയോഗിച്ചത് സേതുവാണ്. മലയാളികൾ അവയിൽ സ്വന്തം മുഖവും മനസ്സുമാണ് കണ്ടുനിന്നത്.

ഏതെങ്കിലും സിദ്ധാന്തത്തെ സാക്ഷാത്കരിക്കാനുള്ള ശ്രമമില്ല സേതുവിന്. അദ്ദേഹത്തിന്റെ വിഷയം മനുഷ്യജീവിതമാണ്. അതിലെ ആന്തരികവൈരുദ്ധ്യങ്ങളാണ്. വൈകാരികബന്ധങ്ങളിലെ ലയഭംഗങ്ങളാണ്. വരികൾക്കിടയിലൂടെ വായിച്ചെടുക്കാവുന്ന കഥകളാണ് സേതു പറഞ്ഞുകൊണ്ടിരിക്കുന്നത്. അവയിൽ നന്മ നിറഞ്ഞ മനസ്സിന് ഉടമകളായ സാധാരണമനുഷ്യരെയാണ് നമ്മൾ കണ്ടെത്തുന്നത്.സേതുവിന്റെ ഔദ്യോഗികജീവിതം അക്കങ്ങളുടെ നടുവിലായിരുന്നു. എന്നാൽ, അക്ഷരത്തിന്റെ വിശാലലോകത്തേയ്ക്കാണ് അദ്ദേഹം തന്റെ മഹാപ്രതിഭയെ വ്യാപരിപ്പിച്ചത്. മലയാളികളുടെ ആത്മാവിന്റെ മുറിച്ചുമാറ്റാനാവാത്ത ഭാഗമാണ് സേതു സൃഷ്ടിച്ച കഥാപ്രപഞ്ചം. അവയെപ്പറ്റി അക്കാദമിക്കായ പുതിയ പഠനങ്ങൾ കാലം ആവശ്യപ്പെടുന്നുണ്ട്.

സാഹിത്യ അക്കാദമി പ്രസിഡൻറ് കെ. സച്ചിദാനന്ദൻ, സെക്രട്ടറി സി.പി. അബുബക്കർ, സംഗീത നാടക അക്കാദമി സെക്രട്ടറി ജനാർദ്ദനൻ എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

കേരള പ്രണാമം
സത്യം വദഃ ധർമ്മം ചരഃ
editorialkeralapranamam@gmail.com

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച

ലോകത്തിന്റെ
വെളിച്ചമാണ് പുസ്തകങ്ങൾ

മഹാത്മാ ഗാന്ധി



## ഭൂമി ഇല്ലാത്തവർക്ക് താങ്ങാകാൻ എന്റെ ഭൂമി പദ്ധതിക്ക് സാധിക്കട്ടെ എന്ന് ആശിക്കുന്നു

എന്റെ ഭൂമി എവിടേ എന്നു ചോദിച്ച് അലയുന്ന പതിനായിരക്കണക്കിനു ജനങ്ങളുള്ള നാടാണ് കേരളം. കുടുംബ സ്വത്തായും മറ്റു കിട്ടിയ ഭൂമി പിന്നീട് അളന്നു തിരിക്കുമ്പോൾ രേഖയിലുള്ളതൊന്നും കണക്കിൽ കാണില്ല. സ്വന്തം പേരിലുള്ള ഭൂമി എവിടേ എന്ന ചങ്കുലയ്ക്കുന്ന ചോദ്യം ഉയരുമ്പോൾ മിക്കവരും പതറും. തിരുവനന്തപുരത്ത്വെള്ളറടയിൽ 2016ൽ സാം കുട്ടി എന്നയാൾ വില്ലേജ് ഓഫീസിനു തീയിട്ടത് ഭൂമി സംബന്ധിച്ച പ്രശ്നത്തെ തുടർന്നായിരുന്നു. ഭൂമിയുടെ അളവ് സംബന്ധിച്ച പ്രശ്നം കീറാമുട്ടിയായി കിടക്കാൻ തുടങ്ങിയത് സംസ്ഥാനത്തിന്റെ രൂപീകരണം മുതലാണ്. ഇതു പരിഹരിക്കാനാണ് സംസ്ഥാനത്തെ ഭൂമി മുഴുവൻ റീസർവേ നടത്താൻ തീരുമാനിച്ചത്. 1966ൽ റീ സർവേ തുടങ്ങി. പക്ഷേ, വർഷം 56 കഴിഞ്ഞിട്ടും കേരളത്തെ അളന്നു തീർക്കാൻ കഴിഞ്ഞിട്ടില്ല. സ്വാതന്ത്ര്യത്തിനു മുൻപുള്ള കാലത്തെ ഭൂരേഖയാണ്റീ സർവേയുടെ അടിസ്ഥാന രേഖ. സ്വാതന്ത്ര്യലബ്ധിക്കു ശേഷം വില്ലേജുകളിൽ തയാറാക്കിയ കരമടവ് രജിസ്റ്ററും തണ്ടപ്പേർ രജിസ്റ്ററും ചേർന്നതാണ് നിലവിലുള്ള ഭുരേഖ. 1976 വരെ റീസർവേ നടന്നുവെങ്കിലും വീണ്ടും 30 വർഷം കഴിഞ്ഞാണ് ഇത് രേഖയായത്. ഇതിനിടയിൽ നടന്ന ഭൂമി കൈമാറ്റങ്ങൾ റീസർവേയിൽ പൂർണമായും ഉൾപെട്ടിട്ടുമില്ല.

കേരളത്തിൽ 1666ൽ 911 വില്ലേജുകളിലാണ്റീസർവേ നടപടി നടന്നത്. കഴിഞ്ഞ 55 വർഷം കൊണ്ട് റീസർവേ നടപടി പൂർത്തിയാക്കിയത് 55 ശതമാനം സ്ഥലങ്ങളിൽ മാത്രം . ഇവയിൽ 89 വില്ലേജുകളിൽ മാത്രമാണ് ഡിജിറ്റൽ റീസർവേ നടന്നിട്ടുള്ളത്. മറ്റ് വില്ലേജുകളിൽ നടന്നത് പരമ്പരാഗത രീതിയിലുള്ള റീസർവേയാണ്. നിലവിൽ 27 വില്ലേജുകളിൽ കൂടി ഇ.ടി.എസ്. മെഷീൻ ഉപയോഗിച്ച് ഡിജിറ്റൽ റീസർവേ നടക്കുകയാണ്. ഈ രീതിയിൽ പോയാൽ അടുത്ത 50 വർഷം കൊണ്ടും റിസർവേ പൂർത്തിയാകില്ല എന്നിരിക്കെ സംസ്ഥാനം പൂർണമായും അളക്കുന്ന എന്റെ ഭൂമി എന്ന പദ്ധതിക്ക്ഇന്ന് ആരംഭം കുറിക്കുന്നു. കേരളം പൂർണമായും നാലുവർഷം കൊണ്ട് ഡിജിറ്റലായി സർവെ ചെയ്ത് കൃത്യമായ ഭൂരേഖകൾ തയാറാക്കും എന്നാണ് സർക്കാർ വ്യക്തമാക്കുന്നത്.

ജീവനക്കാരുടെയും അനുബന്ധ സൗകര്യങ്ങളുടെയും അഭാവം മൂലമാണ് സർവേ ഇഴഞ്ഞു നീങ്ങിയതെന്നാണ് അധികൃതരുടെ വിശദീകരണം. ഒരു വില്ലേജിൽ ഒരു സർവയറെ പോലും നിയമിക്കാനാവാത്ത അവസ്ഥയായിരുന്നു നിലനിന്നത്. ഇപ്പോഴും ഈ സ്ഥിതിയിൽ മാറ്റം വന്നിട്ടില്ല. <യ്യ ആയിരക്കണക്കിന് അപേക്ഷകളാണ് തഹസിൽദാർമാരുടെ ഓഫീസുകളിൽ വിവിധ സർവേ ആവശ്യങ്ങൾക്കായി കെട്ടിക്കിടക്കുന്നത്. എന്നാൽ, ആവശ്യത്തിനു സർവയർമാർ ഇല്ലതാനും. ജീവനക്കാരുടെ കുറവുള്ളതിനാൽ വകുപ്പിലെ ജീവനക്കാരെ കൂടാതെ 1500 സർവെയർമാരും 3200 ഹെൽപ്പർമാരും ഉൾപ്പെടെ 4700 പേരെ നിയമിക്കും.

നാലു വർഷം കൊണ്ട് റീസർവേ പൂർത്തിയാക്കുമെന്ന പ്രഖ്യാപനത്തെ പ്രതീക്ഷയോടെ കാണുന്ന പതിനായിരങ്ങളാണുള്ളത്. ഭൂരേഖ സംബന്ധിച്ച നൂലാമാലകളിൽ കുടുങ്ങി റവന്യൂ ഓഫീസുകളിൽ കയറിയിറങ്ങി നടക്കേണ്ടി വരുന്ന അനേകം പേർ തങ്ങൾ ഈ കുരുക്കിൽ നിന്ന് രക്ഷനേടും എന്ന പ്രതീക്ഷയിൽ കഴിയുകയാണ്. ഇവർക്കെല്ലാം താങ്ങാകാൻ എന്റെ ഭൂമി പദ്ധതിക്ക് സാധിക്കട്ടെ എന്ന് ആശിക്കുന്നു



## സേ നോ ടു ഡ്രഗ്സ്': ലഹരിക്കെതിരെ മനുഷ്യചങ്ങല; പോരാട്ടം അവസാനിക്കുന്നില്ല, രണ്ടാം ഘട്ടം നവംബർ 14 മുതൽ


തിരുവനന്തപുരം: സംസ്ഥാനത്തൊട്ടാകെ ലഹരി വിരുദ്ധ ചങ്ങല തീർത്ത് വിദ്യാർത്ഥികൾ. കേരളത്തിലെ വിവിധ മേഖലയിൽ പെട്ട ജനങ്ങൾ പലവിധത്തിൽ ക്യാംപെയിനിന്റെ ഭാ?ഗമായി. വി?ദ്യാർത്ഥികൾ, പൗരപ്രമുഖർ, കായികതാരങ്ങൾ ഉൾപ്പെടെയുള്ളവർ അണി ചേർന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സ്കൂളുകളിലും പ്രധാന കേന്ദ്രങ്ങളിലും ഒക്കെ ഇത്തരത്തിൽ മനുഷ്യചങ്ങല തീർക്കും. അതിന് ശേഷം ലഹരിവസ്തുക്കൾ കത്തിച്ചു കൊണ്ട് സേ നോ ടു ഡ്രേ?ഗ്സ് എന്ന് പ്രഖ്യാപിക്കും. ന?ഗരത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും പങ്കെടുപ്പിക്കുന്നുണ്ട്.

മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാർ ലഹരിവിരുദ്ധ മുദ്രാവാക്യം ചൊല്ലി. ലഹരിവിരുദ്ധ പ്രചാരണത്തിന്റെ ഒന്നാം ഘട്ടമാണ് അവസാനിക്കുന്നത്. ലഹരി മാഫിയ വിദ്യാർത്ഥികളെ പ്രത്യേകമായി ലക്ഷ്യം വെക്കുന്നുണ്ട്. എന്നാൽ അതിന് കീഴ്പ്പെടില്ലെന്ന് വിദ്യാർത്ഥികളുടെ കാമ്പയിനോടുള്ള സമീപനത്തോടെ വ്യക്തമായി. കുറ്റം ചെയ്യുന്നവർക്കെതിരെ കൃത്യമായ കർക്കശമായ നടപടിയെടുക്കാൻ എക്സൈസിനും പൊലീസിനും കഴിഞ്ഞിട്ടുണ്ട്. ലഹരിക്കെതിരായ പോരാട്ടം ഈ ദിനത്തോടെ അവസാനിക്കില്ല. നാം പുതിയ ഘട്ടത്തിലേക്ക് കടക്കുകയാണ് ഇന്ന് തീർത്ത ചങ്ങലയുടെ കണ്ണി ജീവിതത്തിൽ ഉടനീളം പൊട്ടില്ല എന്ന ഉറപ്പാക്കണം. രണ്ടാം ഘട്ട പ്രചാരണ പരിപാടി നവംബർ 14 മുതൽ 26 വരെ. പ്രതികാത്മകമായി ലഹരി വസ്തുക്കൾ കത്തിക്കുന്നു.

## 'പുൽവാമ ഭീകരാക്രമണം ആഘോഷമാക്കി'; 22കാരന് അഞ്ച് വർഷം തടവ് ശിക്ഷ

**ബംഗളൂരു:** പുൽവാമ ഭീകരാക്രമണം ആഘോഷിച്ച 22കാരന് കോടതി അഞ്ച് വർഷം തടവും 10,000 രൂപ പിഴയും വിധിച്ചു. ബെംഗളൂരുവിലെ കച്ചർക്കനഹള്ളി സ്വദേശിയായ ഫായിസ് റാഷിദിനാണ് 2019ൽ പുൽവാമയിൽ നടന്ന ഭീകരാക്രമണം സോഷ്യൽ മീഡിയയിലൂടെ ആഘോഷിച്ചതിന് ശിക്ഷ വിധിച്ചത്. പ്രത്യേക േ

ഭീകരാക്രമണം ആഘോഷിക്കുകയും സൈന്യത്തെ പരിഹസിക്കുകയും ചെയ്യുന്ന 23 കമന്റുകളാണ് സോഷ്യൽമീഡിയ പോസ്റ്റുകളിൽ റാഷീദ് നടത്തിയത്. ആ പോസ്റ്റിലൂടെ വർഗീയ കലാപം ആളിക്കത്തിക്കുക എന്ന ഉദ്ദേശമാണ് അക്രമിയായ ഫായിസ് റാഷിദിന് ഉണ്ടായിരുന്നതെന്ന് കോടതി നിരീക്ഷിച്ചു. 'പ്രതി ഒന്നോ രണ്ടോ തവണയല്ല അപകീർത്തികരമായ പരാമർശങ്ങൾ നടത്തിയത്. ഫേസ്ബുക്കിൽ എല്ലാ വാർത്താ ചാനലുകളുടെയും പോസ്റ്റുകൾക്കെല്ലാം അദ്ദേഹം കമന്റ് ചെയ്തു. അദ്ദേഹം നിരക്ഷരനോ സാധാരണക്കാരനോ ആയിരുന്നില്ല. കുറ്റം ചെയ്യുന്ന സമയത്ത് എഞ്ചിനീയറിംഗ് വിദ്യാർത്ഥിയായിരുന്ന അദ്ദേഹം തന്റെ ഫേസ്ബുക്ക് അക്കൗണ്ടിൽ മനഃപൂർവ്വം പോസ്റ്റുകളും കമന്റുകളും ഇട്ടതാണ്," കോടതി നിരീക്ഷിച്ചു. മഹാത്മാക്കളെ കൊന്നതിൽ സന്തോഷമുണ്ടെന്ന് പ്രതി നിലപാടെടുത്തതായി ചൂണ്ടിക്കാട്ടി. താൻ ഒരു ഇന്ത്യക്കാരനല്ലാത്തതുപോലെ സൈനികരുടെ മരണം ആഘോഷിക്കുകയും ചെയ്തു. അതിനാൽ, പ്രതി ചെയ്തത് രാഷ്ട്രത്തിനെതിരായ നീക്കമാണെന്നും പ്രകടമായത് ഹീനമായ സ്വഭാവമാണെന്നും കോടതി കൂട്ടിച്ചേർത്തു.




## മോദിയുടെ മോർബിസന്ദർശനം: അനുകൂലിച്ചും പ്രതികൂലിച്ചും ഹാഷ് ടാഗുകൾ, ട്രെൻഡിങ്

ഗാന്ധിനഗർ: തൂക്കുപാലദുരന്തം നടന്ന ഗുജറാത്തിലെ മോർബിയിലേക്കുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സന്ദർശനത്തെച്ചൊല്ലി ടിറ്ററിൽ പോര്. സന്ദർശനത്തെ അനുകൂലിച്ചും പ്രതികൂലിച്ചുമുള്ള ഹാഷ് ടാഗുകൾ ഇതിനകം ട്രെൻഡിങ് ലിസ്റ്റിൽ എത്തിക്കഴിഞ്ഞു. പ്രധാനമന്ത്രിയുടെ സന്ദർശനത്തെ പ്രതികൂലിക്കുന്നവർ 'ഗോ ബാക്ക് മോദി' എന്നും അനുകൂലിക്കുന്നവർ 'ഗുജറാത്ത് വിത്ത് മോദി' എന്നുമാണ് ഹാഷ് ടാഗ് ഉപയോഗിക്കുന്നത്.

ഇക്കൊല്ലം അവസാനം നടക്കാനിരിക്കുന്ന നിയമസഭ തിരഞ്ഞെടുപ്പ് പ്രചരാണാർഥം മോദി ഗുജറാത്തിലുണ്ട്. ഞായറാഴ്ചയാണ് തൂക്കുപാലദുരന്തമുണ്ടായത്. 135-ൽ അധികം പേർക്ക് ജീവൻ നഷ്ടപ്പെട്ടതായാണ് കണക്കുകൾ.

ദുരന്തത്തിന് പിന്നാലെ തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടികളിൽ മാറ്റം വരുത്തിയ മോദി, ദുരന്തത്തിൽ പരിക്കേറ്റവരെ ആശുപത്രികളിൽ സന്ദർശിക്കാനിരിക്കേയാണ് മോദി ഗോബാക്ക് ഹാഷ് ടാഗുകൾ പ്രത്യക്ഷപ്പെടുന്നത്. ദുരന്തസമയത്തും മോദി അവസരം മുതലെടുക്കുകയാണ് എന്നാണ് ഇവരുടെ വിമർശനം. ഇതിന് പിന്നാലെയാണ് ഗുജറാത്ത് വിത്ത് മോദി ഹാഷ് ടാഗുകൾ പ്രത്യക്ഷപ്പെട്ടു തുടങ്ങിയത്.



## പ്രവാസികൾക്കും, കുടിയേറ്റ തൊഴിലാളികൾക്കും വോട്ട് ചെയ്യാൻ എല്ലാ ക്രമീകരണങ്ങളും ഒരുക്കും– കേന്ദ്രം

ന്യൂഡൽഹി: പ്രവാസി ഇന്ത്യക്കാർക്കും, കുടിയേറ്റ തൊഴിലാളികൾക്കും തിരഞ്ഞടുപ്പുകളിൽ വോട്ട് ചെയ്യുന്നതിനുള്ള ക്രമീകരണം ഒരുക്കാൻ എല്ലാ നടപടികളും സ്വീകരിക്കുമെന്ന് കേന്ദ്ര സർക്കാർ സുപ്രീം കോടതിയെ അറിയിച്ചു. തിരഞ്ഞെടുപ്പിന്റെ രഹസ്യാത്മകത നിലനിലനിർത്തിയാകും ഈ ക്രമീകരണം ഒരുക്കുകയെന്നും കേന്ദ്ര സർക്കാരിന് വേണ്ടി അറ്റോർണി ജനറൽ എം. വെങ്കിട്ട രമണി സുപ്രീം കോടതിയെ അറിയിച്ചു. സർക്കാരിന്റെ ഈ ഉറപ്പിന്റെ അടിസ്ഥാനത്തിൽ പ്രവാസികൾക്ക് വോട്ട് അവകാശം ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ടുള്ള വിവിധ ഹർജികൾ സുപ്രീം കോടതി തീർപ്പാക്കി.

പ്രവാസികൾക്ക് വോട്ടവകാശം ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ട് ഡോ. ഷംസീർ വയലിൽ ആണ് 2014 ൽ സുപ്രീം കോടതിയിൽ പൊതുതാത്പര്യ ഹർജി സമർപ്പിച്ചത്. തുടർന്ന് സുപ്രീം കോടതി നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവാസികൾക്ക് പ്രോക്സി വോട്ടിങ് ഏർപ്പെടുത്താമെന്ന് കമ്മീഷൻ റിപ്പോർട്ട് നൽകിയിരുന്നു. എന്നാൽ ഇതിനായി ജനപ്രാതിനിധ്യ നിയമത്തിൽ ഭേദഗതി ആവശ്യമാണെന്നും കമ്മീഷൻ കോടതിയെ അറിയിച്ചു.

പ്രവാസി വോട്ട് യാഥാർഥ്യം ആക്കുന്നതിനായി ജനപ്രാതിനിധ്യനിയമ ഭേദഗതിക്ക് തീരുമാനം ആയതായി സർക്കാർ 2017ൽ സുപ്രീം കോടതിയിൽ വ്യക്തമാക്കിയിരുന്നു. ഭേദഗതി ലോക്സഭയിൽ അവതരിപ്പിച്ച് പാസാക്കിയെങ്കിലും, രാജ്യസഭയിൽ അവതരിപ്പിക്കാത്തതിനാൽ കാലഹരണപ്പെട്ടു. ഭേദഗതി പാർലമെന്റിൽ അവതരിപ്പിച്ച് പാസ്സാക്കാൻ സർക്കാരിനോട് നിർദേശിക്കാൻ കോടതിക്ക് കഴിയില്ലെന്ന് സുപ്രീം കോടതി വ്യക്തമാക്കി. ഇക്കാര്യം പാർലമെന്റിന്റെ അധികാരത്തിൽ വരുന്നതാണെന്ന് ചീഫ് ജസ്റ്റിസ് ചൂണ്ടിക്കാട്ടി.

പ്രവാസി വോട്ട് അവകാശം ഉറപ്പാക്കുന്നതിന് ജനപ്രാതിനിധ്യനിയമത്തിൽ ഭേദഗതി ആവശ്യമില്ലെന്ന് ഷംഷീർ വയലിന് വേണ്ടി ഹാജരായ അഭിഭാഷകൻ ഹാരിസ് ബീരാൻ കോടതിയിൽ ചൂണ്ടിക്കാട്ടി. എന്നാൽ ഈ വാദം അംഗീകരിക്കാൻ ചീഫ് ജസ്റ്റിസ് യു.യു. ലളിത്, ബേല എം. ത്രിവേദി എന്നിവർ അടങ്ങിയ ബെഞ്ച് തയ്യാറായില്ല. എന്നാൽ ഡോ. ഷംസീർ വയലിൽ ഉൾപ്പടെ ഫയൽ ചെയ്ത ഹർജികൾ കാരണം ഈ വിഷയം സർക്കാരിന്റെയും ബന്ധപ്പെട്ടവരുടെയും സജീവ ശ്രദ്ധയിൽ കൊണ്ടുവരാൻ കഴിഞ്ഞതായി ചീഫ് ജസ്റ്റിസ് യു.യു. ലളിത് ചൂണ്ടിക്കാട്ടി.

സൈനികർക്ക് ഏർപ്പെടുത്തിയിരിക്കുന്ന ക്രമീകരണം പ്രവാസികൾക്ക് അവകാശപ്പെടാൻ കഴിയില്ല - ചീഫ് ജസ്റ്റിസ്

തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാൻ സൈനികർക്ക് ഏർപ്പെടുത്തിയിരിക്കുന്ന ക്രമീകരണം പ്രവാസി ഇന്ത്യക്കാർക്ക് അവകാശപ്പെടാൻ കഴിയില്ലെന്ന് ചീഫ് ജസ്റ്റിസ് യു.യു. ലളിത്. രാജ്യത്തിന് വേണ്ടിയാണ് അതിർത്തികൾ ഉൾപ്പടെ വിവിധ ഭാഗങ്ങളിൽ സൈനികർ സേവനം അനുഷ്ഠിക്കുന്നത്. അതിനാൽ അവർക്ക് വോട്ട് ചെയ്യാൻ ഏർപ്പെടുത്തിയിരിക്കുന്ന ക്രമീകരണം മറ്റുള്ളവർക്ക് അവകാശപ്പെടാൻ കഴിയില്ലെന്ന് സുപ്രീം കോടതി ചൂണ്ടിക്കാട്ടി.

ദക്ഷിണ കേരളത്തിൽ വോട്ടുള്ള ഒരു വോട്ടർ ഡൽഹിയിലാണ് ജോലി ചെയ്യുന്നതെങ്കിൽ അവർക്കും വോട്ട് ചെയ്യാൻ സ്വന്തം ബൂത്തിലേക്ക് പോകേണ്ട എന്നും കോടതി ആരാഞ്ഞു. തുടർന്നാണ് കുടിയേറ്റ തൊഴിലാളികൾ ഉൾപ്പടെ ഇതരസംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നവർക്കും വോട്ട് ചെയ്യാൻ ക്രമീകരണം ഒരുക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടെന്ന് അറ്റോർണി ജനറൽ സുപ്രീം കോടതിയെ അറിയിച്ചു. ഡോ ഷംഷീർ വയലിന് വേണ്ടി അഭിഭാഷകൻ ഹാരിസ് ബീരാനും, ഹർജിക്കാരായ കേരള പ്രവാസി അസോസിയേഷന് വേണ്ടി അഭിഭാഷകരായ കുര്യാക്കോസ് വർഗീസ്, ശ്യാം മോഹൻ എന്നിവരുമാണ് സുപ്രീം കോടതിയിൽ ഹാജരായത്.



## ജിപ്സ് കഴുകന്മാരുടെ വംശം നിലനിർത്തൽ; അടിയന്തിര ഇടപെടൽ വേണമെന്ന ആവശ്യം

തൃശ്ശൂർ:ഏഷ്യയിലെ തെക്കൻ, തെക്കു-കിഴക്കൻ മേഖലകളിൽ കണ്ടുവരുന്ന ജിപ്സ് കഴുകന്മാരുടെ വംശം നിലനിർത്താൻ അടിയന്തര ഇടപെടൽ വേണമെന്ന് മുന്നറിയിപ്പ്. പശുക്കളിലും എരുമകളിലും വേദനസംഹാരിയായി ഉപയോഗിക്കുന്ന അസിക്ലോഫെനക്കിന്റെ ഉപയോഗം നിരോധിക്കണമെന്നാണ് ആവശ്യം.

ഇന്ത്യൻ വെറ്ററിനറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ നടന്ന പഠനത്തിന്റെ അടിസ്ഥാനത്തിലാണ് പക്ഷിപ്രേമി സംഘടനകൾ രംഗത്തുവന്നിരിക്കുന്നത്.അളഡഌഞാകടഌങ്ഌചാ

മരുന്നുപയോഗിച്ച കാലികളുടെ മൃതദേഹാവശിഷ്ടങ്ങൾ ഭക്ഷിക്കുന്നതിനാൽ കഴുകന്മാരുടെ വൃക്കയ്ക്കുണ്ടാകുന്ന തകരാറാണ് മരണകാരണം. മറ്റൊരു വേദനസംഹാരിയായ ഡൈക്ലോഫെനക് ഇത്തരത്തിൽ അപകടം വരുത്തുമെന്ന് വെളിപ്പെട്ടതിനെത്തുടർന്ന് കാലികളിൽ അവയുടെ ഉപയോഗം ഇന്ത്യയിലടക്കം നിരോധിച്ചിട്ടുണ്ട്.

പകരമെന്ന നിലയിൽ ഉപയോഗിക്കുന്ന അസിക്ലോഫെനക്കാകട്ടെ മൃഗങ്ങളുടെ ശരീരത്തിലെത്തിയാലുടൻ ഡൈക്ലോഫെനക്കായി സ്വഭാവം മാറുന്നുവെന്നാണ് വ്യക്തമായിട്ടുള്ളത്. ഈ സാഹചര്യത്തിലാണ് ഇതിന്റെ നിരോധനം അടിയന്തരമായി നടപ്പാക്കണമെന്ന ആവശ്യമുയരുന്നത്.



# ‘അണികൾ അഴിഞ്ഞാടുന്നു, ആഭ്യന്തരമന്ത്രി കസേരയിൽ ഇരിക്കാൻ പിണറായിക്ക് ലജ്ജയില്ലേ?’ –സതീശൻ

**കൊച്ചി:** സർക്കാർ സർവീസിലും പെൻഷൻ പ്രായം ഉയർത്താനുള്ള തീരുമാനത്തിന്റെ തുടക്കമായാണ് പൊതുമേഖലാ സ്ഥാപനങ്ങളിലെ പെൻഷൻ പ്രായം വർധിപ്പിച്ചതെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ. തൊഴിലില്ലായ്മ രൂക്ഷമായിരിക്കുമ്പോൾ, പ്രതിപക്ഷത്തോടോ യുവജനസംഘടനകളോടെ ആലോചിക്കാതെ പെൻഷൻ പ്രായം വർധിപ്പിക്കാൻ തീരുമാനിച്ചത് യുവാക്കളോടുള്ള വഞ്ചനയും ചതിയുമാണെന്നും അദ്ദേഹം പറഞ്ഞു. പെൻഷൻ പ്രായം വർധനയ്ക്കെതിരെ ശക്തമായ നിലപാടെടുത്തിരുന്ന സി.പി.എമ്മും എൽ.ഡി.എഫിലെ ഘടകകക്ഷികളും തുടർഭരണം കിട്ടിയപ്പോൾ വഞ്ചനാപരമായ തീരുമാനമാണ് സ്വീകരിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ ഡി.വൈ.എഫ്.ഐ ഉൾപ്പെടെയുള്ള സംഘടനകൾക്ക് എന്താണ് പറയാനുള്ളത്? കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പെൻഷൻ പ്രായം 55 ൽ നിന്നും 56 ആക്കാൻ തീരുമാനിച്ചപ്പോൾ അതിനെതിരെ തെരുവിൽ സമരം നടത്തിയവരാണ് ഇപ്പോൾ ഒറ്റയടിക്ക് അറുപതാക്കിയിരിക്കുന്നത്. ചെറുപ്പക്കാരുടെ ഭാവയിൽ കരിനിഴൽ വീഴ്ത്തുന്ന തീരുമാനം എടുക്കാൻ പ്രേരിപ്പിച്ചതെന്താണെന്ന് സർക്കാർ വ്യക്തമാക്കണം. കേരളത്തിലെ ചെറുപ്പക്കാരെ നിരാശരാക്കുന്ന ഈ തീരുമാനത്തെ യു.ഡി.എഫ് ശക്തമായി എതിർക്കും. യൂത്ത് കോൺഗ്രസ് ഉൾപ്പെടെയുള്ള യു.ഡി.എഫ് യുവജന സംഘടനകൾ സർക്കാർ തീരുമാനത്തിനെതിരെ സമരരംഗത്തുണ്ടാകുമെന്നും സതീശൻ പറഞ്ഞു.

സി.പി.എം അവരുടെ യുവജന വിദ്യാർഥി സംഘടനകളിലെ അണികളെ അഴിഞ്ഞാടാൻ വിട്ടിരിക്കുകയാണ്. തൃശൂരിലെ എസ്.എഫ്.ഐ ജില്ലാ സെക്രട്ടറി ഒരു പ്രിൻസിപ്പലിന്റെ മുട്ടുകാല് തല്ലിയൊടിക്കുമെന്ന് പൊലീസിന്റെ സാന്നിധ്യത്തിലാണ് ഭീഷണിപ്പെടുത്തിയത്. എസ്.ഐയുടെയും പൊലീസുകാരന്റെയും മുന്നിൽ ഭീഷണി മുഴക്കിയ നേതാവിനെതിരെ നടപടിയെടുക്കാൻ പൊലീസിന് കഴിയില്ലെങ്കിൽ പിണറായി വിജയൻ എന്തിനാണ് ആഭ്യന്തരമന്ത്രി കസേരയിൽ ഇരിക്കുന്നത്? കോഴിക്കോട് ഡി.വൈ.എഫ്.ഐ നേതാവ് വിമുക്തഭടന്റെ വാരിയെല്ല് ചവിട്ടിയൊടിച്ചു. എറണാകുളത്ത് എസ്.എഫ്.ഐ ജില്ലാ സെക്രട്ടറി സെക്യൂരിറ്റി ജീവനക്കാരന്റെ കൈയ്യൊടിച്ചു. ഇപ്പോഴൊരാൾ മുട്ട്കാല് തല്ലിയൊടിക്കാൻ നടക്കുകയാണ്. ഇവരൊക്കെ എല്ല് സ്പെഷലിസ്റ്റുകളാണോ? അധ്യാപകർക്കും സാധാരണക്കാർക്കും മേൽ പാർട്ടി അണികൾ കുതിര കയറുമ്പോൾ നടപടി എടുക്കാതെ ആഭ്യന്ത്രമന്ത്രി സ്ഥാനത്ത് ഇരിക്കാൻ പിണറായി വിജയന് ലജ്ജയില്ലേ? വിലക്കയറ്റം സംബന്ധിച്ചും മുഖ്യമന്ത്രി മൗനത്തിലാണ്. അരി വില വർധിച്ചാൽ ഉണ്ടായേക്കാവുന്ന അപകടത്തെക്കുറിച്ച് പ്രതിപക്ഷം നേരത്തെ മുന്നറിയിപ്പ് നൽകിയിരുന്നതാണ്. അരി വില വർധിച്ചതോടെ സംസ്ഥാനത്ത് പച്ചക്കറി ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങൾക്ക് തീവിലയാണ്. സപ്ലൈകോയിൽ സാധനങ്ങൾ കിട്ടാനില്ല. പൊതുവിപണിയിൽ ഇടപെട്ട് വിലക്കയറ്റം പിടിച്ചു നിർത്തുന്നതിൽ സർക്കാർ പൂർണമായും പരാജയപ്പെട്ടു. ജനങ്ങൾ ജീവിക്കാനാകാത്ത അവസ്ഥയാണ്. സർക്കാരിന്റെ കെടുകാര്യസ്ഥതയ്ക്കെതിരെയാണ് കോൺഗ്രസും യു.ഡി.എഫും സമരം പ്രഖ്യാപിച്ചിരിക്കുന്നതെന്നും സതീശൻ പറഞ്ഞു.

കോൺഗ്രസ് അധ്യക്ഷന് അതൃപ്തിയെന്നത് ശൂന്യതയിൽ നിന്നും സൃഷ്ടിച്ച വാർത്ത ഗവർണർ വിഷയവുമായി ബന്ധപ്പെട്ട് കേരള നേതാക്കളുടെ നിലപാടിൽ കോൺഗ്രസ് ദേശീയ അധ്യക്ഷന് അതൃപ്തിയുണ്ടെന്ന തരത്തിലുള്ള വാർത്ത ഡൽഹിയിലെ ചില മാധ്യമ പ്രവർത്തകർ ശൂന്യതയിൽ നിന്നും സൃഷ്ടിച്ചതാണെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു. ഡൽഹിയിലെ രണ്ടു മൂന്നു മാധ്യമപ്രവർത്തകർ മനപൂർവമായി ഉണ്ടാക്കിയ കൃത്രിമ വാർത്തായാണിത്. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയും സീതാറാം യെച്ചൂരിയും തമ്മിൽ സംസാരിക്കാത്ത കാര്യങ്ങളാണ് സംസാരിച്ചെന്ന മട്ടിൽ ചില മാധ്യമങ്ങൾ വാർത്തയാക്കിയത്.

വാർത്ത നൽകിയ മാധ്യമ പ്രവർത്തകരുടെ വിശ്വാസ്യതയാണ് നഷ്ടപ്പെടുന്നത്. ഇത്തരമൊരു വാർത്ത തെറ്റാണെന്ന് എ.ഐ.സി.സി വാർത്താക്കുറിപ്പ് നൽകിയിട്ടും ചില മാധ്യമങ്ങൾ അതേ വാർത്ത ആവർത്തിച്ചു. മാധ്യമ വാർത്തകൊണ്ടൊന്നും കേൺഗ്രസ് നേതാക്കളുടെ വിശ്വാസ്യത തകരില്ല. ഭരണഘടനാ വിരുദ്ധമായി ഗവർണർ പ്രവർത്തിച്ചാൽ സി.പി.എമ്മിനേക്കാൾ മുൻപന്തിയിൽ നിന്ന് കോൺഗ്രസ് എതിർക്കും. ഗവർണർക്കെതിരായ കോൺഗ്രസ് നിലപാട് വിഷയാധിഷ്ഠിതമാണ്.

സർക്കാരും ഗവർണറും തമ്മിലുള്ള കൂട്ടുകച്ചവടമാണ് സുപ്രീം കോടതിയിൽ പൊളിഞ്ഞത്. യു.ഡി.എഫ് നിലപാടാണ് കോടതിയിൽ ജയിച്ചത്. ഇപ്പോൾ ഗവർണർക്കെതിരെയെന്ന പേരിൽ സി.പി.എം സംഘടിപ്പിക്കുന്ന സമരം യഥാർത്ഥത്തിൽ സുപ്രീം കോടതിക്കെതിരെയാണ്. നിയമനങ്ങളൊക്കെ ശരിയാണെന്നാണ് സർക്കാരിനൊപ്പം നിന്ന ഗവർണർ കോടതിയെ അറിയിച്ചത്. അപ്പോൾപ്പിന്നെ എൽ.ഡി.എഫ് സമരം ഗവർണർക്കെതിരെയാകുന്നത് എങ്ങനെയാണെന്നും സതീശൻ ചോദിച്ചു.



## കഷ്ടപ്പെട്ട് ചെയ്ത പാർക്കുകൾ സർക്കാർ നശിപ്പിച്ചു; ശിൽപ്പങ്ങൾ സംരക്ഷിക്കുന്നില്ല, കേരള ശ്രീ പുരസ്കാരം വേണ്ടെന്ന് കാനായി കുഞ്ഞിരാമൻ

**കാസർകോട്:** സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച കേരള ശ്രീ പുരസ്കാരം സ്വീകരിക്കില്ലെന്ന് ശിൽപ്പി കാനായി കുഞ്ഞിരാമൻ. ശിൽപ്പങ്ങൾ സംരക്ഷിക്കണമെന്ന ആവശ്യം സർക്കാർ പരിഗണിക്കാത്തതിൽ പ്രതിഷേധിച്ചാണ് പുരസ്കാരം നിരസിക്കുന്നതെന്ന് ഒരു സ്വകാര്യ മാദ്ധ്യമത്തിന് നൽകിയ അഭിമുഖത്തിൽ കാനായി കുഞ്ഞിരാമൻ വ്യക്തമാക്കി. കടകംപള്ളി സുരേന്ദ്രൻ ടൂറിസം മന്ത്രിയായിരിക്കെ ശംഖുമുഖത്തെയും വേളിയിലെയും പാർക്കുകൾ നശിപ്പിച്ചു. കുറച്ചുനാൾക്കുമുൻപ് ശംഖുമുഖത്ത് ഒരു ഹെലികോപ്ടർ കൊണ്ടുവന്ന് വച്ച് അവിടം വികൃമാക്കി. ഇക്കാര്യം മന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടും പരിഹാരമായില്ല. വേളിയിലും സമാനമായ അവസ്ഥയാണ്. വളരെ കഷ്ടപ്പെട്ട് ചെയ്ത ടൂറിസ്റ്റ് വില്ലേജ് വികൃമാക്കി. കണ്ണൂർ പയ്യാമ്ബലത്തെ പാർക്കും അവഗണിക്കപ്പെട്ട് കിടക്കുകയാണ്. മുൻ മുഖ്യമന്ത്രി ഇ കെ നായനാരാണ് വേളി ടൂറിസ്റ്റ് വില്ലേജ് പോലെ അവിടെയും മനോഹരമാക്കാൻ ആവശ്യപ്പെട്ടത്. എന്നാൽ പാർക്ക് അവഗണിക്കപ്പെട്ട നിലയിലാണെന്നും കാനായി കുഞ്ഞിരാമൻ ആരോപിച്ചു. വിവിധ മേഖലകളിൽ സമൂഹത്തിനു സമഗ്ര സംഭാവനകൾ നൽകിയിട്ടുള്ള വിശിഷ്ട വ്യക്തികൾക്ക് കേന്ദ്ര സർക്കാരിന്റെ പദ്മ പുരസ്കാരങ്ങളുടെ മാതൃകയിൽ സംസ്ഥാന സർക്കാർ നൽകുന്ന ആദ്യത്തെ പരമോന്നത പുരസ്കാരങ്ങളാണ് കേരള പുരസ്കാരങ്ങൾ. കല വിഭാഗത്തിലാണ് കാനായി കുഞ്ഞിരാമൻ കേരള ശ്രീ പുരസ്കാരത്തിന് അർഹനായിരിക്കുന്നത്. പ്രാഥമിക പരിശോധനാസമിതി (സെക്രട്ടറിതല സമിതി) ദ്വിതീയ പരിശോധനാ സമിതി, അവാർഡ് സമിതി എന്നിങ്ങനെ മൂന്നു തലങ്ങളിലായാണ് പുരസ്കാര നിർണയം നടന്നത്. ദ്വിതീയ പരിശോധനാസമിതി സമർപ്പിച്ച ശുപ



കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് അസോസ്സിയേഷൻ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് നടത്തിയ പ്രതിഷേധ ധർണ്ണ വനിത ഫാറം ആലപ്പുഴ ജില്ലാ പ്രസിഡന്റ് എൽ. ലതാകുമാരി ഉദ്ഘാടനം ചെയ്തു. അമ്പലപ്പുഴ നിയോജക മണ്ഡലം കമ്മറ്റിയുടെ നേതൃത്വത്തിൽ പ്രകടനമായായെത്തിയാണ് അമ്പലപ്പുഴ സബ് ട്രഷറിക്കു മുൻവശം ധർണ്ണ നടത്തിയത്. നിയോജക മണ്ഡലം പ്രസിഡന്റ് പി.ഉണ്ണികൃഷ്ണൻ അധ്യക്ഷനായി. സംസ്ഥാന വ്യാപകമായി കേരള പിറവി ദിനത്തിൽ നടത്തുന്ന സമരത്തിന്റെ ഭാഗമായാണ് പ്രകടനവും ധർണ്ണയും നടത്തിയത്. സെക്രട്ടറി പി.ബി. രാഘവൻ പിള്ള, പി.രാധാകൃഷ്ണൻ, സുഷമ മോഹൻദാസ്, എസ്.സുധാകരൻ, എൻ. രമേശൻ, മേഴ്സ് ജോസ്സി, അനിൽ വെള്ളൂർ, ശശികുമാർ തുടങ്ങിയവർ പ്രസംഗിച്ചു.



എന്റെ ഭൂമി ഡിജിറ്റൽ റീസർവ്വേ ആലപ്പുഴ ജില്ലാ തല ഉദ്ഘാടനം ചേർത്തലടൌൺഹാളിൽ മന്ത്രി പി. പ്രസാദ് നിർവ്വഹിക്കുന്നു

## പെൻഷൻ പ്രായം ഉയർത്തിയത് വഞ്ചന: കെ.സുരേന്ദ്രൻ

**തിരുവനന്തപുരം:** സംസ്ഥാനത്ത് പെൻഷൻ പ്രായം ഉയർത്തിയ പിണറായി സർക്കാരിന്റെ നടപടി വഞ്ചനയാണെന്ന് ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രൻ. കേരളത്തെ തൊഴിലില്ലായ്മയുടെ കേന്ദ്രമാക്കി മാറ്റുന്ന തലതിരിഞ്ഞ നയമാണിതെന്നും അദ്ദേഹം പ്രസ്താവനയിൽ പറഞ്ഞു. ഇടതുസർക്കാർ കേരളത്തിലെ യുവജനങ്ങളോട് പരസ്യമായി യുദ്ധം പ്രഖ്യാപിച്ചിരിക്കുകയാണ്. ഒരിക്കലും പെൻഷൻ പ്രായം ഉയർത്തില്ലെന്ന് പ്രഖ്യാപിച്ചിരുന്ന പിണറായി വിജയൻ ഒരിക്കൽ കൂടി തന്റെ വാക്കും പഴയ ചാക്കും ഒന്നാണെന്ന് തെളിയിച്ചിരിക്കുകയാണെന്ന് കെ.സുരേന്ദ്രൻ പരിഹസിച്ചു. ഇത്രയും വലിയ യുവജനവിരുദ്ധതയ്ക്കെതിരെ പ്രതികരിക്കാത്ത ഡിവൈഎഫ്ഐയും എസ്എഫ്ഐയുമെല്ലാം പിരിച്ചുവിടുന്നതാണ് നല്ലത്. യുവാക്കൾക്കിടയിൽ പ്രവർത്തിക്കാൻ ഇവർക്കൊന്നും ഇനി അർഹതയില്ല. ഭരിക്കുന്ന മന്ത്രിമാരുടെ പെട്ടി താങ്ങുന്നതും ഭാര്യമാരെ പിൻവാതിലിലൂടെ ജോലിയിൽ കയറ്റുന്നതും മാത്രമാണ് ഡിവൈഎഫ്ഐ നേതാക്കൻമാരുടെ രാഷ്ട്രീയ പ്രവർത്തനം. അനധികൃത നിയമനങ്ങളുടെ ഏജന്റുമാരായി മാറിയ ഇവർക്കൊക്കെ എങ്ങനെയാണ് പാവപ്പെട്ട യുവാക്കളുടെ അർഹമായ തൊഴിലിന് വേണ്ടി ശബ്ദമുയർത്താനാവുകയെന്നും സുരേന്ദ്രൻ ചോദിച്ചു. എവൈഎഫിന്റെ എതിർപ്പ് കണ്ണിൽപ്പൊടിയിടാൻ മാത്രമുള്ളതാണ്. സിപിഐ മന്ത്രിമാരോടാണ് എവൈഎഫ് നേതാക്കൾ പ്രതിഷേധിക്കേണ്ടത്. അല്ലാതെ മാദ്ധ്യമങ്ങൾ മുന്നിൽ മുതലകണ്ണീർ ഒഴുക്കുകയല്ല വേണ്ടത്. ലക്ഷക്കണക്കിന് യുവാക്കളുടെ പ്രതീക്ഷകൾ തല്ലിതകർക്കുന്ന തീരുമാനമാണ് ഇടതുസർക്കാർ കൈക്കൊണ്ടിരിക്കുന്നത്. പിഎസ്സിയെ നോക്കുകുത്തിയാക്കി നിയമനങ്ങളെല്ലാം കരാർ അടിസ്ഥാനത്തിലാക്കാനുള്ള പദ്ധതി നേരത്തെ തന്നെ സിപിഎം ഒരുക്കിയിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിലാണ് സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളിലെ പെൻഷൻ പ്രായം 60 ആക്കി ഉയർത്തിയത്. വരും ദിവസങ്ങളിൽ എല്ലാ സർക്കാർ ജീവനക്കാരുടേയും പെൻഷൻ പ്രായം ഉയർത്തുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്നും സുരേന്ദ്രൻ കുറ്റപ്പെടുത്തി.



**വിലക്കയറ്റം തടയാൻ സർക്കാർ ഇടപെടുന്നില്ല**

സംസ്ഥാനത്ത് ജനജീവിതം ദുസഹമാക്കുന്ന രീതിയിൽ വിലക്കയറ്റം രൂക്ഷമായിട്ടും സംസ്ഥാന സർക്കാർ ഇടപെടുന്നില്ല. അരിവില 65 ഉം 70 ഉം ആയി ഉയർന്നിട്ടും മുഖ്യമന്ത്രി പ്രതികരിക്കാത്തത് പ്രതിഷേധാർഹമാണ്. ആന്ധ്രപ്രദേശിലെ അരിലോബിയെ സഹായിക്കാനാണ് സർക്കാരിന്റെ ശ്രമം. പൊതുവിതരണ സമ്പ്രദായത്തിലെ പാളിച്ചകളും പൊതുവിപണിയിൽ സർക്കാരിന്റെ ഇടപെടലിന്റെ പരാജയവുമാണ് വിലക്കയറ്റത്തിന്റെ മറ്റൊരു പ്രധാന കാരണമെന്നും കെ.സുരേന്ദ്രൻ പറഞ്ഞു.



ഡിജിറ്റൽ റീസർവ്വേയുടെ ജില്ലാതല ഉദ്ഘാടനം സ്പീക്കർ എ എൻ ഷംസീർ ഓൺലൈനിൽ നിർവ്വഹിക്കുന്നു





# ഗ്രീഷ്മയുടെ വീട് സീൽ ചെയ്തു; വീടിന് പിന്നിൽ പച്ചനിറത്തിലുള്ള ദ്രാവകം, കുപ്പികളും; തെളിവെടുപ്പ്


**തിരുവനന്തപുരം:** ഷാരോൺ കൊലക്കേസിൽ നിർണായക തെളിവായ വിഷക്കുപ്പി കണ്ടെടുത്തു. മുഖ്യപ്രതി ഗ്രീഷ്മയുടെ വീടിനടുത്ത കുളത്തിന് സമീപത്തുള്ള കാട്ടിൽനിന്നാണ് കളനാശിനിയുടെ കുപ്പി കണ്ടെത്തിയത്. കഴിഞ്ഞദിവസം അറസ്റ്റിലായ ഗ്രീഷ്മയുടെ അമ്മാവൻ നിർമൽ കുമാറാണ് കുപ്പി ഇവിടെ ഉപേക്ഷിച്ചത്. ചൊവ്വാഴ്ച നടന്ന തെളിവെടുപ്പിൽ ഇയാൾതന്നെ പോലീസിന് കുപ്പി ഉപേക്ഷിച്ച സ്ഥലം കാണിച്ചുനൽകുകയും ഇവിടെനിന്ന് പച്ച അടപ്പുള്ള വെളുത്തനിറത്തിലുള്ള കുപ്പി കണ്ടെടുക്കുകയുമായിരുന്നു.തെളിവെടുപ്പിൽ കണ്ടെടുത്ത കുപ്പി രാസപരിശോധനയ്ക്ക് അയക്കുമെന്ന് അന്വേഷണ ഉദ്യോഗസ്ഥനായ ഡിവൈ. എസ്.പി. ജോൺസൺ മാധ്യമങ്ങളോട് പറഞ്ഞു. പ്രതികളുമായി ഇനി ഗ്രീഷ്മയുടെ വീട്ടിൽ പോകുമെന്നും വീട് തുറന്നുള്ള പരിശോധന ഇന്നുണ്ടാകില്ലെന്നും അദ്ദേഹം വ്യക്തമാക്കി. ഗ്രീഷ്മയുടെ സാന്നിധ്യത്തിലാകും വീട് തുറന്നുള്ള തെളിവെടുപ്പ് നടത്തുക.ചൊവ്വാഴ്ച ഉച്ചയ്ക്ക് 12.30-ഓടെയാണ് ഷാരോൺ കൊലക്കേസിൽ പോലീസിന്റെ തെളിവെടുപ്പ് ആരംഭിച്ചത്. ഗ്രീഷ്മയുടെ അമ്മ സിന്ധു, അമ്മാവൻ നിർമൽ കുമാർ എന്നിവരെയാണ് ചൊവ്വാഴ്ച തെളിവെടുപ്പിന് കൊണ്ടുവന്നത്. പ്രതികളുമായി രാവിലെ തിരുവനന്തപുരത്തുനിന്ന് യാത്രതിരിച്ച പോലീസ് സംഘം ആദ്യം പാറശ്ശാല പോലീസ് സ്റ്റേഷനിലേക്കാണ് പോയത്. പിന്നീട് ഇവിടെനിന്ന് തമിഴ്നാട്ടിലെ പളുകൽ പോലീസ് സ്റ്റേഷനിൽ പ്രതികളെ എത്തിച്ചു. കുറ്റകൃത്യം നടന്ന ഗ്രീഷ്മയുടെ വീട് തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിൽ ഉൾപ്പെട്ട രാമവർമൻചിറയിലാണ്. അതിനാലാണ് പോലീസ് സംഘം പ്രതികളുമായി തമിഴ്നാട്ടിലെ പോലീസ് സ്റ്റേഷനിലെത്തിയത്. ഇവിടെ കേസിന്റെ കാര്യങ്ങൾ റിപ്പോർട്ട് ചെയ്തശേഷം കേരള പോലീസ് സംഘം പ്രതികളുമായി ഗ്രീഷ്മയുടെ വീട് സ്ഥിതി ചെയ്യുന്ന രാമവർമൻചിറയിലേക്ക് പോവുകയായിരുന്നു.

## ഇനി മോഷ്ടിക്കില്ല; പോലീസ് ഓഫീസറുടെ മുന്നിലെത്തി കള്ളന്റെ 'വിരമിക്കൽ' പ്രഖ്യാപനം; പിന്നാലെ അറസ്റ്റ്



ചെങ്ങന്നൂർ: പ്രായപൂർത്തിയാകും മുമ്പേ ബൈക്കുമോഷണം തുടങ്ങിയ ബിനു തോമസ്, തന്നെ ആദ്യമായി പിടികൂടിയ പോലീസ് ഓഫീസർക്കു മുന്നിൽ തിങ്കളാഴ്ച അസന്ദിഗ്ധമായി പ്രഖ്യാപിച്ചു; ഇനി ബൈക്കു മോഷ്ടിക്കില്ല. റാന്നി പഴവങ്ങാടി ഇട്ടിയപ്പാറ കള്ളിക്കാട് വീട്ടിൽ ബിനു തോമസിനിപ്പോൾ വയസ്സ് 31. അന്നുപിടികൂടിയ ഓഫീസർ ഇന്ന് ചെങ്ങന്നൂർ ഡിവൈ.എസ്.പി. ബൈക്കുകൾ ബിനുവിനു ഹരമായിരുന്നു. അമിതമായ ആ ആഗ്രഹം മോഷണത്തിലേക്കു നയിച്ചു. ഒട്ടേറെ കേസുകളിൽ ജയിൽ ശിക്ഷയുമനുഭവിച്ചു. ബൈക്കിലെത്തി മാലമോഷ്ടിച്ച കേസുകളും അക്കൂട്ടത്തിലുണ്ടായി. തിങ്കളാഴ്ച ബിനു ചെങ്ങന്നൂരിലെ ഓഫീസിലെത്തി ഡിവൈ.എസ്.പി. ഡോ. ആർ. ജോസിനു മുന്നിലാണ് തന്റെ 'വിരമിക്കൽ' പ്രഖ്യാപിച്ചത്.ഒരാഴ്ചയ്ക്കിടെ ബിനു രണ്ടുബൈക്കുകൾ മോഷ്ടിച്ചിരുന്നു. അത് അവസാന മോഷണമായിക്കണ്ട് പോലീസ് ബിനുവിനെ അറസ്റ്റുചെയ്ത് റിമാൻഡിലാക്കി. മുമ്പ് പല തവണ ഡിവൈ.എസ്.പി. ബിനുവിനെ അറസ്റ്റുചെയ്തിട്ടുണ്ട്. മാല മോഷണക്കേസിൽ റിമാൻഡിലായിരുന്ന ബിനു കഴിഞ്ഞ 21-നാണ് പുറത്തിറങ്ങിയത്. ഇതിനുപിന്നാലെയാണ് രണ്ടു ബൈക്കുകൾ മോഷ്ടിച്ചത്. 27-നു രാത്രി ചെങ്ങന്നൂർ അങ്ങാടിക്കൽ ചെറുകര മോടിയിൽ പ്രശാന്തിന്റെ ബൈക്കും പത്തനംതിട്ട വാര്യാപുരം ഭാഗത്തുനിന്നു മറ്റൊരു ബൈക്കുമാണ് മോഷ്ടിച്ചത്. പത്തനംതിട്ട, ആലപ്പുഴ ജില്ലകളാണ് പ്രധാനമായും 'പ്രവർത്തനമേഖല'.

കൗൺസലിങ് നൽകി; കുറ്റത്തിനു ശിക്ഷ വേണം - ഡിവൈ.എസ്.പി. സംഭവംകേട്ട ശേഷം ഡിവൈ.എസ്.പി. രണ്ടുമണിക്കൂറോളം ബിനുവുമായി സംസാരിച്ച് കൗൺസലിങ് നൽകി. താൻ അവസാനമായി മോഷ്ടിച്ച് ചെങ്ങന്നൂർ ടൗണിന് അടുത്ത് ഒളിപ്പിച്ച ബൈക്കുകൾ കാട്ടിക്കൊടുത്തു. മോഷണം നിർത്തുന്നുവെന്ന് കുറ്റസമ്മതം നടത്തിയെങ്കിലും തെറ്റ് തെറ്റുതന്നെയാണ്. അതിനാലാണ് കേസെടുത്തതെന്ന് ഡിവൈ.എസ്.പി. ഡോ. ആർ. ജോസ് പറഞ്ഞു.



*ലഹരിമുക്ത കേരളം ക്യാമ്പയിനിന്റെ ഭാഗമായി ലഹരി വിരുദ്ധ മാജിക്ക് ഷോ തോട്ടട ജി.എച്ച് എസ് എസിൽ രാമചന്ദ്രൻ കടന്നപ്പള്ളി എം.എൽ എ ., ജില്ലാ ലേബർ കോടതി ജഡ്ജി ആർ എൽ ബൈജു , അസിസ്റ്റന്റ് കളക്ടർ മിസൽ സാഗർ ഭരത് ഐ.എ.എസ്., അസിസ്റ്റന്റ് കമ്മീഷണർ കെ.വി ബാബു എന്നിവർ ചേർന്ന് വെള്ള പ്രാവിനെ പറത്തി നിർവ്വഹിക്കുന്നു*

## കാൻസർ സ്ക്രീനിംഗ് പോർട്ടൽ മുഖ്യമന്ത്രി പുറത്തിറക്കി

**കണ്ണൂർ :** നവകേരളം കർമ്മ പദ്ധതി ആർദ്രം രണ്ടിന്റെ ഭാഗമായുള്ള കേരള കാൻസർ കെയർ സ്യൂട്ടിന്റെ കാൻസർ സ്ക്രീനിംഗ് പോർട്ടൽ മുഖ്യമന്ത്രി പിണറായി വിജയൻ പുറത്തിറക്കി. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജിന്റെ സാന്നിധ്യത്തിലായിരുന്നു ചടങ്ങ്. കേരള കാൻസർ നിയന്ത്രണ പരിപാടിയുടെ പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് കാൻസർ കെയർ പോർട്ടൽ രൂപകല്പന ചെയ്തത്. വാർഷിക ആരോഗ്യ പരിശോധനയുടെ ഭാഗമായി ശൈലി ആപ്പ് മുഖേന ഇതുവരെ സ്ക്രീൻ ചെയ്ത 37 ലക്ഷത്തിലധികം ആളുകളിൽ രണ്ടു ലക്ഷത്തിനാൽപ്പത്തിനായിരത്തിലധികം ആളുകളെയാണ് കാൻസർ ക്ലിനിക്കൽ സ്ക്രീനിംഗിന് വിധേയമാക്കേണ്ടത്. കുടുംബാരോഗ്യ കേന്ദ്രം, സാമൂഹികാരോഗ്യ കേന്ദ്രം എന്നിവിടങ്ങളിലാണ് ക്ലിനിക്കൽ സ്ക്രീനിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത്. ആഴ്ചയിൽ ഒരു നിശ്ചിത ദിവസം ക്ലിനിക്കൽ ബ്രെസ്റ്റ് എക്സാമിനേഷൻ, ഓറൽ എക്സാമിനേഷൻ, പാപ് സ്മിയർ പരിശോധന എന്നിവയാണ് ചെയ്യുന്നത്. പരിശോധനക്ക് ശേഷം ബയോപ്സി, എഫ്എൻഎസി, തുടങ്ങിയവ വേണ്ടവരെ താലൂക്ക് ആശുപത്രികളിലേക്ക് റഫർ ചെയ്യും. താലൂക്ക് ആശുപത്രികളിൽ ഈ ടെസ്റ്റുകൾക്ക് വേണ്ട സാമ്പിളുകൾ എടുക്കാൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. സാമ്പിളുകൾ ഹബ് ആൻഡ് സ്പോക്ക് സാമ്പിൾ മാനേജ്മെന്റ് സിസ്റ്റം വഴി ജില്ലാ ലാബുകളിൽ എത്തിച്ചായിരിക്കും പരിശോധന. ലാബ്സിസ് പോർട്ടൽ വഴി പരിശോധനാ ഫലം ലഭ്യമാക്കും. ഡോക്ടർമാർക്കും നഴ്സുമാർക്കും ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. കാൻസർ ചികിത്സാ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ തയ്യാറാക്കിയ കാൻസർ കെയർ ഗ്രിഡ് രീതിയിലാവും കാൻസർ കണ്ടെത്തുന്നവർക്ക് ചികിത്സ നൽകുന്നത്. ഈ പ്രവർത്തനങ്ങൾക്കുള്ള ഓൺലൈൻ പ്ലാറ്റ്ഫോമാണ് കാൻസർ സ്ക്രീനിംഗ് പോർട്ടൽ. ഇ ഹെൽത്ത് ടീം ആണ് പോർട്ടൽ വികസിപ്പിച്ചത്. ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാൾ, ഇ ഹെൽത്ത് പ്രോജക്ട് ഡയറക്ടർ മുഹമ്മദ് വൈ സഫീറുള്ള, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. കാർത്തികേയൻ, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ. നന്ദകുമാർ എന്നിവർ പങ്കെടുത്തു.




## പുതുതലമുറയെ മാതൃഭാഷയുടെ പ്രാധാന്യം ബോധ്യപ്പെടുത്തണം-മന്ത്രി അഹമ്മദ് ദേവർ കോവിൽ


**കാസർഗോഡ്:** ആഗോള സമൂഹവുമായി സംവദിക്കാനാവും വിധമുള്ള പരിശീലനങ്ങൾ നൽകുമ്പോഴും അവരെ മാതൃഭാഷയുടെ പ്രാധാന്യം ബോധ്യപ്പെടുത്തണമെന്ന് തുറമുഖ, മ്യൂസിയം വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ പറഞ്ഞു. ജില്ലാ ഭരണകൂടവും ജില്ലാ ഇൻഫർമേഷൻ ഓഫീസും ചേർന്ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ മലയാള ദിനം ഭരണഭാഷാ വാരാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഭരണഭാഷ പഠിക്കുന്നതിന് കൃത്യമായ രീതിയിൽ മലയാളഭാഷയും ഭാഷയുടെ ഗതിവിഗതികളും പഠിക്കണം. വിശേഷണങ്ങളിലെ വൈരുദ്ധ്യം ഇതിനുദാഹരണമാണ്. കേരളത്തിലെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടി സർക്കാർ വിവിധ പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നുണ്ട്. തർജ്ജമകളിൽ ഇതരഭാഷകളുടെ അബോധപൂർവ്വമായ കടന്നുകയറ്റം പ്രബലമാണ്. അതോടൊപ്പം, പ്രാദേശികപദങ്ങളും കടന്നുവരുന്നു. ഇവിടെ മലയാള ഭാഷയുടെ അത്യന്താപേക്ഷികത നാം തിരിച്ചറിയുന്നതിലൂടെ മാത്രമേ സംവദിക്കുന്നതും ഗ്രഹിക്കുന്നതുമായ ആശയം ഒന്നുതന്നെയാകൂ. ക്ലാസ്സ് മുറികളിലും, കോടതികളിലും, ഓഫീസുകളിലുമെല്ലും തന്നെ മലയാളത്തിന് പ്രാമുഖ്യം നൽകണം. ബ്രിട്ടീഷുകാർ ഇന്ത്യ ഭരിച്ചതിനെ തുടർന്ന് സംഭവിച്ച കൈപ്പിഴയാണ് ഇംഗ്ലീഷിനോടുള്ള വിധേയത്വം എന്ന് പറയാതിരിക്കാനാവില്ലെന്നും വിദേശഭാഷകളിൽ മക്കൾക്ക് ട്യൂഷൻ നൽകാൻ തിരക്കുകൂട്ടുന്ന മാതാപിതാക്കൾ അവർക്ക് മാതൃഭാഷ ചിട്ടപ്പെടുത്തിനൽകണമെന്ന് ചിന്തിക്കുന്നില്ലെന്നും മന്ത്രി പറഞ്ഞു. ഇംഗ്ലീഷിൽ അക്ഷരവിന്യാസത്തിനു നൽകുന്ന പ്രാധാന്യം മലയാളത്തിൽ നൽകുന്നില്ല. ഈ മനോഭാവം മാറണം. മാതൃഭാഷ ഹൃദയത്തിന്റെ ഭാഷയാണ്. വിദേശരാജ്യങ്ങൾക്ക് മലയാളഭാഷയോടുള്ള ആദരവ് എങ്കിലും നമ്മളും കാണിക്കണം. ജനാധിപത്യം സാർഥകമാകണമെങ്കിൽ ഭരണത്തിൽ ജനങ്ങൾക്കുള്ള പങ്ക് ഉറപ്പാക്കണം. ഭാഷ അതിനൊരു തടസ്സമാകരുത്. ഭരിക്കുന്നവരുടെയും ഭരണീയരുടെയും ഭാഷ ഒന്നായിത്തീരുമ്പോഴാണ് ആശയവിനിമയം പൂർണമാകുന്നത്. ഭരണഭാഷ ലക്ഷ്യം കൈവരിക്കണമെങ്കിൽ, രാഷ്ട്രീയ ഇച്ഛാശക്തിയും ജനങ്ങളുടെ സഹകരണവും ഉദ്യോഗസ്ഥരുടെ പരിശ്രമവും മാധ്യമങ്ങളുടെയും ഭാഷാവിദഗ്ധരുടെയും പങ്കാളിത്തവും ആവശ്യമാണ്. ഭരണഭാഷ മലയാളത്തിലായിരിക്കണമെന്ന സർക്കാർ നയം നടപ്പാക്കാൻ എല്ലാ വകുപ്പ് തലവന്മാരും ഓഫീസ് മേലാധികാരികളും ജീവനക്കാരും ഒന്നിച്ച് പരിശ്രമിക്കേണ്ടതുണ്ട്. ഭരണഭാഷാ സംബന്ധമായുള്ള നടപടിക്രമങ്ങൾ വിവിധ വകുപ്പുകളിൽ നടപ്പിലാക്കുന്നുണ്ടോ എന്നും, അതിന്റെ പുരോഗതിയും ഔദ്യോഗിക ഭാഷാവകുപ്പ് പരിശോധിക്കുകയും ഇടപെടലുകൾ നടത്തുകയും ചെയ്യണം. മാതൃഭാഷയിലൂടെയുള്ള ബോധനമാണ് ഉത്തമം എന്ന് ലോകമെങ്ങും അംഗീകരിച്ചിട്ടുള്ള വിദ്യാഭ്യാസ തത്വമാണ്. അതാണ് വിദ്യാഭ്യാസ അവകാശ നിയമത്തിലും പ്രതിഫലിക്കുന്നത്. മാതൃഭാഷക്ക് മലയാളികൾ നൽകിവരുന്ന പരിഗണന ആശങ്കാജനകമാണ് എന്ന് പറയാതെ വയ്യ. മക്കൾക്ക് മലയാളം വായിക്കുവാനും എഴുതാനും അറിയില്ല എന്ന് അഭിമാനത്തോടെ പറയുന്ന മാതാപിതാക്കളുടെ എണ്ണം നാൾക്കുനാൾ വർധിക്കുകയാണ്. മലയാളത്തിന്റെ ശ്രേഷ്ഠ പദവിയും, ഭരണ ഭാഷ മലയാളമാക്കാനുള്ള തീരുമാനവും ഒക്കെ പ്രതീക്ഷ പകരുമ്പോളും, പുതിയ തലമുറ മാതൃഭാഷയ്ക്ക് നേരെ പുറം തിരിയുന്ന കാഴ്ച വേദനാജനകമാണെന്നും മന്ത്രി പറഞ്ഞു. എൻ.എ.നെല്ലിക്കുന്ന് എം.എൽ.എ അധ്യക്ഷത വഹിച്ചു. സപ്ത ഭാഷാ സംഗമ ഭൂമി ഭാഷകളുടെ നാടാണ്.. മാതൃഭാഷയോടുള്ള കൂറ് ഭാഷാഭ്രാന്തായി മാറരുതെന്ന് എം എൽ എ പറഞ്ഞു. കവി രാധാകൃഷ്ണൻ പെരുമ്പള, കന്നഡ, തുളു എഴുത്തുകാരി രാജശ്രീ ടി.റായി പെർള എന്നിവരെ മന്ത്രി ആദരിച്ചു. കവി പ്രസാദ് കരുവളം, മാധ്യമപ്രവർത്തകൻ കെ.ഗംഗാധര എന്നിവർ അവാർഡ് ജേതാക്കളെ പരിചയപ്പെടുത്തി. എ.ഡി.എം എ.കെ.രമേന്ദ്രൻ ഭരണഭാഷാ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. കേരള കേന്ദ്രസർവകലാശാല മലയാള വിഭാഗത്തിലെ ഡോ.ആർ.ചന്ദ്രബോസ് മുഖ്യപ്രഭാഷണം നടത്തി. അസി.കളക്ടർ ഡോ.മിഥുൻ പ്രേംരാജ്, ഡെപ്യൂട്ടി കളക്ടർ (എൽ എ ) എസ്.ശശിധരൻ പിള്ള എന്നിവർ സംസാരിച്ചു. ജില്ലാ കളക്ടർ ഭണ്ഡാരി സ്വാഗത് രൺവീർചന്ദ് സ്വാഗതവും ജില്ലാ ഇൻഫർമേഷൻ ഓഫീസർ എം.മധുസൂദനൻ നന്ദിയും പറഞ്ഞു.





*കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെയും , ജില്ലാ ഭരണകൂടത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ നടന്ന ലഹരി വിരുദ്ധ മനുഷ്യ ചങ്ങലയും , ഫ്ലാഷ് മോബും*

## മ്യൂസിയത്തിൽ വനിതാ ഡോക്ടർക്കെതിരായ അതിക്രമം; ഒരാൾ കസ്റ്റഡിയിൽ



**തിരുവനന്തപുരം:** മ്യൂസിയത്തിൽ പ്രഭാത സവാരിക്കിടെ വനിതാ ഡോക്ടർക്ക് നേരെ ആക്രമണമുണ്ടായ സംഭവത്തിൽ പ്രതിയെ പറ്റി സൂചന ലഭിച്ചതായി വിവരം. ഒരാളെ അന്വേഷണ സംഘം ചോദ്യം ചെയ്യുകയാണ്. കഴിഞ്ഞ ദിവസമാണ് കേസിന്റെ അന്വേഷണം പ്രത്യേക സംഘം ഏറ്റെടുത്തത്. യുവതിയെ ആക്രമിച്ചശേഷം പ്രതി തിരികെ പോയ വഴിയിലെ സിസിടിവി ദൃശ്യങ്ങൾ കേന്ദ്രീകരിച്ചായിരുന്നു അന്വേഷണം. എൽഎംഎസ് ജംഗ്ഷനിൽ നിന്ന് നന്ദാവനം വഴി ബേക്കറി ജംഗ്ഷനിലൂടെ പാളയത്തിലേയ്ക്ക് പോയ പ്രതി തിരികെ മ്യൂസിയത്തിൽ എത്തുകയും അവിടെ നിന്ന് മാനവീയം വീഥി വഴി വഴുതക്കാടേക്ക് കടക്കുകയുമായിരുന്നു എന്നാണ് കണ്ടെത്തൽ. കന്റോൺമെന്റ് അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള 13അംഗ സംഘമാണ് കേസന്വേഷിക്കുന്നത്. സംഭവം നടന്ന് അഞ്ച് ദിവസമായിട്ടും പ്രതിയെ പിടികൂടാൻ കഴിയാത്തതിനാലാണ് പുതിയ നടപടി. മ്യൂസിയം സ്റ്റേഷൻ സിഐയും എസ്ഐയുമാണ് നേരത്തേ കേസന്വേഷിച്ചിരുന്നത്. തിരുവനന്തപുരം ഡിസിപിയ്ക്കാണ് അന്വേഷണ ചുമതല.



# വക്കീൽ ഓഫീസിൽ പൂട്ടിയിട്ടു, വസ്ത്രം വലിച്ചു കീറി; കുന്നപ്പിള്ളിക്കെതിരായ മൊഴി പുറത്ത്

**തിരുവനന്തപുരം:** എൽദോസ് കുന്നപ്പിള്ളി എം.എൽ.എ.ക്കെതിരെ പരാതിക്കാരി നൽകിയ മൊഴിയുടെ കൂടുതൽ വിവരങ്ങൾ പുറത്ത്. കഴിഞ്ഞ ഒക്ടോബർ ഒമ്പതിന് പരാതിക്കാരിയെ കാണാതായ സംഭവത്തിൽ രജിസ്റ്റർ ചെയ്ത കേസിൽ കൂടുതലായി നൽകിയ മൊഴിയുടെ വിവരങ്ങളാണ് പുറത്തുവന്നത്. തന്നെ ഫോണിൽ വിളിച്ച് എംഎൽഎയ്ക്കെതിരായ പരാതി പിൻവലിക്കണമെന്നും അല്ലെങ്കിൽ മകനെയും അമ്മയെയും അപായപ്പെടുത്തുമെന്നും എംഎൽഎയുടെ സുഹൃത്ത് ഭീഷണിപ്പെടുത്തിയെന്ന് പരാതിയിൽ പറയുന്നുണ്ട്. ഇതിന് പുറമെ അഭിഭാഷകർക്കെതിരെ കേസെടുക്കാൻ കാരണമായ വിവരങ്ങളും മൊഴിയിലുണ്ട്. മൂന്ന് അഭിഭാഷകർക്കെതിരെ ഗുരുതരമായ ആരോപണമാണ് പരാതിക്കാരി ഉന്നയിച്ചിരിക്കുന്നത്. ഇവരുടെ മുന്നിൽ വെച്ച് പരാതി പിൻവലിക്കാൻ എൽദോസ് കുന്നപ്പിള്ളി തന്നെ മർദിച്ചതായും അതിന് ശേഷം തന്നെ അഭിഭാഷകർ കാറിൽ നിർബന്ധിച്ച് കയറ്റി വഴിയിൽ ഉപേക്ഷിച്ച് കടന്നുകളഞ്ഞതായും പരാതിക്കാരി മൊഴിയിൽ പറയുന്നു. അതിനൊപ്പം എംഎൽഎയ്ക്ക് വേണ്ടി തന്റെ ദൃശ്യങ്ങൾ പകർത്തിയ ഓൺലൈൻ മാധ്യമപ്രവർത്തകനെ പറ്റിയും മൊഴിയിൽ പരാമർശമുണ്ട്. എംഎൽഎയ്ക്കെതിരെ കോവളം പോലീസ് സ്റ്റേഷനിൽ നൽകിയ പരാതി പിൻവലിക്കാൻ 30 ലക്ഷം രൂപ നൽകാമെന്ന് അഭിഭാഷകർ വാഗ്ദാനം ചെയ്തിരുന്നുവെന്നും വഴങ്ങാതെ വന്നപ്പോൾ അഭിഭാഷകരുടെ മുന്നിൽ വെച്ച് എൽദോസ് വസ്ത്രം വലിച്ച് കീറി ക്രൂരമായി മർദ്ദിച്ചെന്നും പരാതിക്കാരി പറയുന്നു. തന്നെ കാണാതായ കേസിൽ അന്വേഷണം നടത്തിയ പോലീസ് ഉദ്യോഗസ്ഥന് മുന്നിൽ എംഎൽഎയെയും കൂട്ടരെയും പേടിച്ചിട്ടാണ് ആ വിവരം പറയാതിരുന്നതെന്നും പരാതിക്കാരി പറയുന്നു.

മൊഴിയുടെ വിശദാംശങ്ങൾ ഇങ്ങനെ... തനിക്കെതിരേ നൽകിയ പരാതി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടാണ് ഒക്ടോബർ ഒമ്പതാം തീയതി രാവിലെ എം.എൽ.എ. ഫോണിൽ വിളിച്ചത്. ഇക്കാര്യങ്ങൾ സംസാരിക്കാൻ ഒരാളെ കാറിൽ അയക്കാമെന്നും അതിൽ വരണമെന്നും ഇല്ലെങ്കിൽ അമ്മയെയും മകനെയും അപായപ്പെടുത്തുമെന്നും ഭീഷണിപ്പെടുത്തി. തുടർന്ന് എം.എൽ.എ. അയച്ച കാറിൽ കയറി. പിന്നാലെ പാളയത്തുനിന്ന് കുന്നപ്പിള്ളിയും ഇതേ കാറിൽ കയറി. തുടർന്ന് വഞ്ചിയൂരിലെ വക്കീൽ ഓഫീസിൽ എത്തിച്ച് എം.എൽ.എ.യും മൂന്ന് അഭിഭാഷകരും ചേർന്ന് ഭീഷണിപ്പെടുത്തുകയായിരുന്നു. ഓഫീസിൽ കയറിയ ഉടൻ ഒരു അഭിഭാഷകൻ വാതിൽ പൂട്ടിയിട്ടു. പരാതി പിൻവലിച്ചില്ലെങ്കിൽ അമ്മയെയും മകനെയും അപായപ്പെടുത്തുമെന്നും ഹണിട്രാപ്പിൽ കുടുക്കുമെന്നുമായിരുന്നു ഭീഷണി. പണവും വാഗ്ദാനം ചെയ്തു. ഒരു മുദ്രപ്പത്രത്തിൽ ഒപ്പിട്ട് നൽകാനും ആവശ്യപ്പെട്ടു. എം.എൽ.എ.യുടെ പി.ആർ. ജോലികൾ ചെയ്ത ആളാണെന്നും ശമ്പളം നൽകാത്തതിനാലാണ് എം.എൽ.എക്കെതിരേ കള്ളക്കേസ് നൽകിയതെന്നുമാണ് മുദ്രപ്പത്രത്തിൽ എഴുതിയിരുന്നത്. ഒപ്പിടാൻ വിസമ്മതിച്ചതോടെ എംഎൽഎ കസേരയിൽനിന്ന് ചാടി എഴുന്നേറ്റ് അസഭ്യം പറയുകയും തന്റെ തല പിടിച്ച് മുന്നോട്ട് താഴ്ത്തിയശേഷം കഴുത്തിന് പിന്നിൽ ശക്തിയായി ഇടിക്കുകയും ചെയ്തു. വീഴാൻ പോയപ്പോൾ ചുരിദാറിലും തലമുടിയിലും പിടിച്ചുവലിച്ചു. ചുരിദാറിന്റെ പിറകുവശം കീറി. പിന്നാലെ തലമുടിയിൽ പിടിച്ച് മുദ്രപ്പത്തിൽ ഒപ്പിടാനായി ബലംപ്രയോഗിച്ചു. ഒപ്പിടാൻ വിസമ്മതിച്ചതോടെ എംഎൽഎ കൂടുതൽ ക്ഷുഭിതനായി ഷാൾ അടക്കം കുത്തിപിടിച്ച് ശ്വാസംമുട്ടിച്ചു. അഭിഭാഷകർ എന്നെ വിടാൻ പറഞ്ഞപ്പോൾ തറയിലേക്ക് തള്ളിയിട്ടു. വീഴ്ചയിൽ കൈമുട്ടിന് പരിക്കേറ്റു. ഭയന്ന് ആ മുറിയിൽനിന്ന് പുറത്തിറങ്ങാൻ ശ്രമിച്ചപ്പോൾ രണ്ട് അഭിഭാഷകൻ തടയുകയും വീണ്ടും സോഫയിൽ പിടിച്ചിരുത്തുകയും ചെയ്തു. ഈ സമയം മൊബൈൽ ഫോൺ ക്യാമറ ഓൺചെയ്ത് ഒരാൾ മുറിയിലെത്തി. ഓൺലൈൻ മാധ്യമപ്രവർത്തകനാണെന്ന് സ്വയം അവകാശപ്പെട്ട ഇയാൾ മൊബൈൽ ഫോണിൽ എന്റെ വീഡിയോ ചിത്രീകരിച്ചു. എംഎൽഎ പറയുന്നത് പോലെ ചെയ്തില്ലെങ്കിൽ ഈ വീഡിയോ ഓൺലൈൻ ചാനലിലൂടെ കാണിച്ച് ഹണിട്രാപ്പിൽ കുടുക്കുമെന്നായിരുന്നു അയാളുടെ ഭീഷണി. പിന്നീട് അവർ സംസാരിച്ചിരിക്കുമ്പോൾ ഓഫീസിൽ നിന്ന് പുറത്തിറങ്ങിയ ഞാൻ, കെട്ടിടത്തിന്റെ താഴെ എത്തി ഒരു ഓട്ടോയിൽ കയറി. ഈ സമയം അഭിഭാഷകർ താഴെ എത്തുകയും ഓട്ടോ തടഞ്ഞ് എന്നെ പുറത്തിറക്കി മറ്റൊരു കാറിൽ കയറ്റി. മറ്റൊരു അഭിഭാഷകനാണ് ആ കാർ ഓടിച്ചിരുന്നത്. പിന്നീട് മൂന്ന് അഭിഭാഷകരും കൂടി ഈ കാറിൽ വഞ്ചിയൂരിൽനിന്ന് പലസ്ഥലങ്ങളിലേക്ക് പോവുകയും ഒരു സ്വകാര്യ ആശുപത്രിക്ക് സമീപം എന്നെ റോഡിൽ തള്ളിയിട്ട് കാറിൽ കടന്നുകളയുകയുമായിരുന്നു.

എം.എൽ.എ. എല്ലാദിവസവും ഹാജരാകണം... എൽദോസ് കുന്നപ്പിള്ളിയുടെ മുൻകൂർ ജാമ്യം റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാർ നൽകിയ ഹർജി ഹൈക്കോടതി ചൊവ്വാഴ്ച പരിഗണിച്ചു. ജാമ്യം റദ്ദാക്കണമെന്നും എൽദോസിനെ കസ്റ്റഡിയിൽ വാങ്ങി ചോദ്യംചെയ്യണമെന്നുമായിരുന്നു ഹർജിയിലെ ആവശ്യം. എംഎൽഎ അന്വേഷണവുമായി സഹകരിക്കുന്നില്ലെന്നും ഹർജിയിൽ ആരോപിച്ചിരുന്നു. തുടർന്ന് അടുത്ത ചൊവ്വാഴ്ച ഹർജി വീണ്ടും പരിഗണിക്കുന്നത് വരെ എല്ലാദിവസവും രാവിലെ ഒമ്പത് മണിക്ക് അന്വേഷണസംഘത്തിന് മുന്നിൽ ഹാജരാകാൻ എം.എൽ.എയോട് ഹൈക്കോടതി ആവശ്യപ്പെട്ടു. അന്വേഷണവുമായി സഹകരിക്കാനും നിർദേശം നൽകിയിട്ടുണ്ട്.



# തിരുപ്പതിയിൽ മുടിയിൽ നിന്ന് മാത്രം വർഷം ദേവസ്വത്തിന് ലഭിക്കുന്നത് 150 കോടി , ക്ഷേത്രത്തിൽ വഴിപാടായി കിട്ടുന്ന മുടി വാങ്ങുന്നത് ഇവർ

**തിരുമല** : രാജ്യത്തെ സമ്ബന്നമായ തിരുപ്പതി ക്ഷേത്രത്തിലെ പ്രധാന വഴിപാടാണ് മുടിമുറിക്കൽ. ഭക്തർ തല മൊട്ടയടിച്ച് നൽകുന്ന മുടിയിൽ നിന്നും ദേവസ്വം വർഷം 150 കോടിയാണ് വരുമാനം നേടുന്നത്. ഭക്തരുടെ മുടി മുറിക്കുന്നതിനായി നൂറ് കണക്കിന് ബാർബർമാരെയാണ് നിയോഗിച്ചിട്ടുള്ളത്. എന്നാൽ ബാർബർമാർ തങ്ങൾക്ക് തുച്ഛമായ വേതനമാണ് ലഭിക്കുന്നതെന്ന് പരാതിപ്പെടുന്നു. കഴിഞ്ഞ ദിവസം ഇവർ മിന്നൽ പണിമുടക്ക് നടത്തുകയും ചെയ്തു. വിജിലൻസ് ജീവനക്കാർ നടത്തിയ റെയ്ഡിനെതിരെയാണ് ഇവർ പണിമുടക്കിയത്. ഇതോടെ ഭക്തർക്ക് മണിക്കൂറുകളോളം തങ്ങളുടെ ഇഷ്ട വഴിപാട് നടത്താൻ കഴിഞ്ഞില്ല.

**മുടി വാങ്ങുന്നത് എന്തിന്**

150 കോടിയുടെ വരുമാനം മുടിവിറ്റ് മാത്രം ലഭിക്കുമ്പോൾ ഈ മുടി വാങ്ങുന്നത് ആരാണെന്ന സംശയം ആർക്കുമുണ്ടാവും. വിഗ് നിർമ്മാതാക്കളാണ് തിരുപ്പതിയിൽ മുടി വാങ്ങുന്നതിനായി മത്സരിക്കുന്നത്. ബാർബർമാർ ഭക്തരിൽ നിന്ന് ശേഖരിക്കുന്ന മനുഷ്യ മുടിയുടെ നീളം അനുസരിച്ച് തരം തിരിച്ച് സൂക്ഷിക്കും. മുടിയെ പല ഗ്രേഡുകളാക്കി തിരിച്ചാണ് പ്രത്യേകം പ്രത്യേകം സൂക്ഷിക്കുന്നത്. 27 ഇഞ്ചിനു മുകളിലുള്ള മുടി ആദ്യ വിഭാഗമായും 19 മുതൽ 26 ഇഞ്ച് വരെ നീളമുള്ള മുടി രണ്ടാം വിഭാഗത്തിലും 10 മുതൽ 18 ഇഞ്ച് വരെ മൂന്നാം വിഭാഗത്തിലും അഞ്ച് ഇഞ്ച് മുതൽ ഒൻപത് ഇഞ്ച് വരെ നാലാമത്തെ വിഭാഗത്തിലും അഞ്ച് ഇഞ്ച് നീളത്തിൽ താഴെയുള്ളവ അഞ്ചാം വിഭാഗത്തിലേക്കും മാറ്റും.

**.ബാർബർമാർക്ക് തുച്ഛ വേതനം**

ലോകമെമ്ബാടുമുള്ള ആളുകൾ കഷണ്ടി തലയാൽ ബുദ്ധിമുട്ടുന്നുണ്ട്. ഇവർക്കായി വിഗ് നിർമ്മിക്കുന്നതിനായി കമ്ബനികൾക്ക് ഭക്തരിൽ നിന്ന് ശേഖരിച്ച മുടി ലേലം ചെയ്യുകയാണ് ദേവസ്വം ചെയ്യുന്നത്. ഇതിലൂടെ കോടികൾ വരുമാനം നേടുമ്ബോഴും ക്ഷേത്രത്തിലെ ബാർബർമാർക്ക് തുച്ഛമായ വേതനമാണ് ലഭിക്കുന്നതെന്ന് ആക്ഷേപമുണ്ട്. ഒരു തലയ്ക്ക് 11 രൂപ എന്ന നിരക്കിലാണ് ഇവർക്ക് പണം ലഭിക്കുന്നത്. 8000 രൂപയിൽ താഴെ മാത്രമാണ് വരുമാനമെന്നാണ് ജീവനക്കാർ ആരോപിക്കുന്നത്. ഇങ്ങനെയുള്ള തങ്ങളെ വിജിലൻസ് ജീവനക്കാർ റെയ്ഡ് നടത്തി പീഡിപ്പിക്കുന്നു എന്നും പരാതിയുണ്ട്. ഭക്തരിൽ നിന്നും ബാർബർമാർക്ക് ലഭിക്കുന്ന ടിപ്പിന്റെ പേരിലാണ് പീഡനം.




# പൊലീസിനോട് എന്ത് പറയണമെന്ന് ബന്ധുക്കളെ പഠിപ്പിച്ചു, അന്വേഷണം വഴിതെറ്റിക്കുന്നതെങ്ങനെയെന്ന് ഇന്റർനെറ്റിൽ തെരഞ്ഞു; ഗ്രീഷ്മയുടെ വീട്ടുകാരെ കുടുക്കിയത് ഈ നിർണായക തെളിവ്

**തിരുവനന്തപുരം:** ഷാരോണിന് വിഷം നൽകിയ ശേഷം അന്വേഷണം വഴിതെറ്റിക്കുന്നതെങ്ങനെയെന്നും പിടിക്കപ്പെട്ടാൽ എങ്ങനെയൊക്കെ മൊഴി നൽകണമെന്നും ഗ്രീഷ്മ ഇന്റർനെറ്റിൽ തെരഞ്ഞിട്ടുണ്ടെന്ന് അന്വേഷണ ഉദ്യോഗസ്ഥർ. പൊലീസിനോട് എന്ത് പറയണമെന്ന് ഗ്രീഷ്മ ബന്ധുക്കളെ പഠിപ്പിച്ചതായും അന്വേഷണ ഉദ്യോഗസ്ഥർക്ക് വിവരം ലഭിച്ചു. ഷാരോൺ വീട്ടിലെടുത്തുന്നതിനു തൊട്ടു മുൻപ് ഗ്രീഷ്മയുടെ അമ്മയും അമ്മാവനും പുറത്തുപോയിരുന്നു. ഇതോടെ ആരുമില്ലാത്ത സമയത്താണ് ഗ്രീഷ്മ ഷാരോണിനെ വീട്ടിലേക്കു വിളിച്ചതെന്നായിരുന്നു ആദ്യ നിഗമനം. എന്നാൽ, ഇരുവരും അധികം ദൂരേയ്ക്ക് പോയിരുന്നില്ലെന്ന് മൊബൈൽ ഫോൺ ലൊക്കേഷൻ കേന്ദ്രീകരിച്ച് നടത്തിയ പരിശോധനയിൽ വ്യക്തമായി. ഇതോടെയാണ് കൊലയ്ക്കു പിന്നിലെ ആസൂത്രിത സ്വഭാവം പൊലീസ് ഉറപ്പിച്ചത്. അതേസമയം, അന്വേഷണം പുരോഗമിക്കുന്നതിനിടെ ക്രൈംബ്രാഞ്ച് നിയമോപദേശം തേടിയിരിക്കുകയാണ്. കൊലപ്പെടുത്തുന്നതിനായി വിഷം നൽകിയത് തമിഴ്നാട്ടിലായതിനാൽ തുടരന്വേഷണത്തിൽ നിയമപരമായ ആശയക്കുഴപ്പം നിലനിൽക്കുന്ന സാഹചര്യത്തിലാണ് നിയമോപദേശം തേടിയിരിക്കുന്നത്. എന്നാൽ പരാതി ലഭിച്ചതും കേസ് രജിസ്റ്റർ ചെയ്തതും പാറശാല പൊലീസായിരുന്നു. കേസിൽ മൂന്ന് പ്രതികളെ കേരള പൊലീസ് അറസ്റ്റ് ചെയ്തിട്ടുമുണ്ട്. ഈ സാഹചര്യത്തിലാണ് തുടരന്വേഷണത്തിൽ നിയമപ്രശ്നങ്ങളുണ്ടോ, കേസ് തമിഴ്നാട് പൊലീസിന് കൈമാറേണ്ടതുണ്ടോ തുടങ്ങിയ കാര്യങ്ങളിൽ അന്വേഷണസംഘം നിയമോപദേശം തേടിയത്. കേസിൽ തമിഴ്നാട് പൊലീസും കേരള പൊലീസിൽ നിന്ന് വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്.



# യു പിയിലെ ബുൾഡോസർ മോഡൽ കേരളത്തിലും, പ്രതിയുടെ ഭക്ഷണശാല ജെ സി ബി ഉപയോഗിച്ച് ഇടിച്ച് തകർത്തു

**ആലപ്പുഴ :** കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരുടെ കുടുംബങ്ങൾ താമസിക്കുന്ന വീട്, വ്യാപാരസ്ഥാപനങ്ങൾ എന്നിവ ബുൾഡോസറിനാൽ ഇടിച്ച് നിരത്തുന്ന യു പി മോഡൽ നടപടി കേരളവും നടപ്പിലാക്കി. ആലപ്പുഴയിൽ കേരള എക്സൈസാണ് ഈ നടപടിയിലേക്ക് കടന്നത്. ചാരുംമൂട് ജംഗ്ഷനിൽ തട്ടുകടയുടെ മറവിൽ കഞ്ചാവ് വില്പന നടത്തിയിരുന്ന കടയാണ് എക്സൈസ് ജെ സി ബി കൊണ്ടുവന്ന് ഇടിച്ച് നിരത്തിയത്. നൂറനാട് റേഞ്ച് ഇൻസ്പെക്ടർ അഖിലാണ് പെട്രോളിംഗിനിടെ തട്ടുകടയുടെ അടുത്തായി കഞ്ചാവുമായി നിന്ന യുവാവിനെ പിടികൂടിയത്. ഇയാളിൽ നിന്നും പന്ത്രണ്ട് ഗ്രാം കഞ്ചാവ് പിടിച്ചെടുത്തു. ഇയാളെ ചോദ്യം ചെയ്തപ്പോഴാണ് തട്ടുകടയുടെ ഉടമ പുതുപ്പള്ളിപ്പുറം സ്വദേശി ഷൈജുഖാൻ ആണ് കഞ്ചാവ് നൽകിയതെന്ന് എക്സൈസിന് മനസിലായത്. ഷൈജുഖാന്റെ കടയും വീടും കേന്ദ്രീകരിച്ച് രാത്രികാലങ്ങളിൽ കഞ്ചാവ് കച്ചവടം നടക്കുന്നതായും എക്സൈസ് കണ്ടെത്തിയിട്ടുണ്ട്. പൊതിക്ക് അഞ്ഞൂറ് രൂപ നിരക്കിലായിരുന്നു ഇയാൾ കച്ചവടം നടത്തിയിരുന്നത്. ഷൈജുഖാന്റെ തട്ടുകടയെ കുറിച്ചുള്ള എക്സൈസിന്റെ അന്വേഷണത്തിൽ ഇത് പുറമ്ബോക്കിലാണ് സ്ഥിതി ചെയ്യുന്നതെന്ന് മനസിലായി. കടയുടെ പ്രവർത്തനം നിർത്താൻ പഞ്ചായത്ത് ഭരണ സമിതിക്ക് എക്സൈസ് ശുപാർശ നൽകി. ഇത് അംഗീകരിച്ച ഭരണസമിതി കട പൊളിച്ചു നീക്കാൻ എക്സൈസിന് അനുമതി നൽകുകയായിരുന്നു.



# സഹോദരിയെ ഒമ്പതുകാരനും സുഹൃത്തുക്കളും പീഡിപ്പിച്ചു, എല്ലാത്തിനും കാരണം മാതാപിതാക്കളുടെ കുത്തഴിഞ്ഞ ജീവിതം; ഇരുവരും ലൈംഗികബന്ധത്തിലേർപ്പെടുന്നത് കുട്ടി കണ്ടു

**കൊച്ചി:** ഒമ്പതുകാരൻ ഒമ്പതും പതിനൊന്നും വയസുള്ള രണ്ട് സുഹൃത്തുക്കളുമായി ചേർന്ന് പതിനൊന്നുകാരിയായ സഹോദരിയെ ലൈംഗിക പീഡനത്തിന് ഇരയാക്കി. കൊച്ചി നഗരത്തിൽ നടന്ന സംഭവത്തിൽ മൂന്നു പേരെയും പ്രതി ചേർത്ത് പൊലീസ് പോക്സോ കേസ് രജിസ്റ്റർ ചെയ്തു. ഇവരെ ജുവനൈൽ ജസ്റ്റിസ് ബോർഡിന് മുന്നിൽ ഹാജരാക്കിയ ശേഷം മാതാപിതാക്കൾക്കൊപ്പം വിട്ടു. ഒന്നരമാസം മുമ്പ് തമിഴ് പെൺകുട്ടിയാണ് ക്രൂരതയ്ക്ക് ഇരയായത്. മദ്യത്തിനും മയക്കുമരുന്നിനും അടിമകളായ മാതാപിതാക്കൾ ശാരീരിക ബന്ധത്തിൽ ഏർപ്പെടുന്നത് കണ്ടാണ് ഒമ്പതുകാരൻ പീഡനം തുടങ്ങിയതെന്ന് പൊലീസ് കണ്ടെത്തി. പിന്നീട് സുഹൃത്തുക്കളെയും വീട്ടിലേക്ക് കൂട്ടി. ആത്മഹത്യ ചെയ്യുമെന്ന് ഭീഷണിപ്പെടുത്തിയാണ് സഹോദരനും സുഹൃത്തുക്കളും മൂന്ന് ദിവസം പെൺകുട്ടിയെ പീഡിപ്പിച്ചത്. സ്കൂളിലെത്തിയ പെൺകുട്ടി സുഹൃത്തിനോട് ഇക്കാര്യം പങ്കുവച്ചു. സുഹൃത്ത് അദ്ധ്യാപികയെയും സ്കൂൾ അധികൃതർ പൊലീസിനെയും അറിയിച്ചു. പ്രായപൂർത്തിയാകാത്ത കുട്ടികളായതിനാൽ പ്രത്യേക കരുതലോടെയാണ് പൊലീസ് വിവരങ്ങൾ ശേഖരിച്ചത്. ഇതിലാണ് മാതാപിതാക്കളുടെ ലക്കുകെട്ട ജീവിതമാണ് കുട്ടികളെ തെറ്റിലേക്ക് നയിച്ചതെന്ന് പൊലീസ് കണ്ടെത്തിയത്. കൂടുതൽ വിവരങ്ങൾ അന്വേഷണസംഘം പുറത്തുവിട്ടിട്ടില്ല. കുട്ടികളിൽ നിന്ന് ജുവനൈൽ ജസ്റ്റിസ് ബോർഡ് വിവരങ്ങൾ ശേഖരിച്ച ശേഷം ജുവനൈൽ ഹോമിലേക്ക് മാറ്റിയിരുന്നു. മാതാപിതാക്കൾ ചൈൽഡ് ലൈനെയും ജുവനൈൽ ജസ്റ്റിസ് ബോർഡിനെയും സമീപിച്ചതോടെയാണ് കുട്ടികളെ അവർക്കൊപ്പം വിട്ടത്.




# ദോഷമകറ്റാൻ മന്ത്രവാദി സ്ത്രീകളെക്കൊണ്ട് ചോരകുടിപ്പിച്ചു, ഛർദ്ദിച്ച് അവശയായ യുവതി ആശുപത്രിയിൽ

**കാസർകോട്:** പൈവളിഗെ മരിക്കയിൽ കർണാടക സ്വദേശിനികളെ കോഴിച്ചോര കുടിപ്പിച്ച സംഭവത്തിൽ മന്ത്രവാദിക്കെതിരെ മഞ്ചേശ്വരം പൊലീസ് അന്വേഷണം തുടങ്ങി. വീട്ടിലെ ദോഷം പരിഹരിക്കാനുള്ള ക്രിയകളെന്ന് വിശ്വസിപ്പിച്ചാണ് പ്രശ്നപരിഹാരത്തിനെത്തിയ രണ്ടു സ്ത്രീകളെ ഇയാൾ കോഴിച്ചോര കുടിപ്പിച്ചത്. വീട്ടിൽ മടങ്ങിയെത്തിയ ഇവരിൽ ഒരാൾ ഛർദ്ദിച്ചതോടെയാണ് സംഭവം പുറംലോകമറിഞ്ഞത്. ഇവരുടെ പരാതിപ്രകാരം അന്വേഷണത്തിനെത്തിയ പൊലീസിനെ കണ്ടതോടെ വീടിന്റെ മതിൽ ചാടിക്കടന്ന് മന്ത്രവാദി രക്ഷപ്പെട്ടു. ഒരാഴ്ച മുമ്ബാണ് പൈവളിഗെ കർണാടക അതിർത്തി പ്രദേശത്ത് നിന്ന് രണ്ട് സ്ത്രീകൾ വീട്ടിൽ ചില പ്രശ്നങ്ങളുണ്ടെന്ന് പറഞ്ഞ് മന്ത്രവാദിയുടെ വീട്ടിൽ എത്തിയത്. പ്രശ്നം ഗുരുതരമാണെന്നും ഉടൻ പരിഹാരം കണ്ടില്ലെങ്കിൽ പല ദുരിതങ്ങളും അനുഭവിക്കേണ്ടിവരുമെന്നുമായിരുന്നു മന്ത്രവാദിയുടെ ഉപദേശം. മന്ത്രവാദം മാത്രമാണ് ഏക പോംവഴിയെന്നും ഇയാൾ സ്ത്രീകളെ വിശ്വസിപ്പിച്ചു. ഇയാളുടെ നിർദ്ദേശപ്രകാരം വെള്ളിയാഴ്ച രാത്രി മന്ത്രവാദത്തിനുള്ള രണ്ട് കോഴികളുമായി രണ്ടു സ്ത്രീകളും മരിക്കെയിൽ എത്തി.ഈ കോഴികളുടെ ചോരയാണ് സ്ത്രീകളെ കുടിപ്പിച്ചത്. തൊട്ടടുത്ത ദിവസം ഛർദ്ദി അനുഭവപ്പെട്ട സ്ത്രീയോട് ബന്ധുക്കൾ കാര്യം അന്വേഷിച്ചപ്പോഴാണ് മന്ത്രവാദിയുടെ ചെയ്തികൾ പുറംലോകമറിഞ്ഞത്.പിന്നാലെ സ്ത്രീകൾ മന്ത്രവാദിക്കെതിരെ മഞ്ചേശ്വരം പൊലീസിൽ പരാതി നൽകുകയായിരുന്നു. മരിക്കയിൽ മന്ത്രവാദിയും അമ്മയും താമസിക്കുന്ന വീട്ടിൽ നിന്ന് അർദ്ധരാത്രിയോടടക്കുമ്ബോൾ ചില ദിവസങ്ങളിൽ ആളുകളുടെ നിലവിളികൾ കേൾക്കാമെന്ന് നാട്ടുകാരും പറയുന്നു. ചാടിപ്പോയ മന്ത്രവാദിക്കായി പൊലീസ് തിരച്ചിൽ തുടങ്ങിയിട്ടുണ്ട്.




## ഒമർ ലുലുവിന്റെ 'നല്ല സമയം' നവംബർ 18ന്

ഹാപ്പി വെഡിങ്, ചങ്ക്സ്, ഒരു അടാർ ലൗ, ധമാക്ക എന്നീ ചിത്രംങ്ങൾക്ക് ശേഷം ഒമർ ലുലു സംവിധാനം ചെയ്യുന്ന 'നല്ല സമയം' നവംബർ 18ന് തീയേറ്ററുകളിൽ എത്തും.ഇർഷാദ് അലി നായകനാവുന്ന ചിത്രത്തിൽ നീന മധു, നോറ ജോൺ, നന്ദന സഹദേവൻ, ഗായത്രി ശങ്കർ എന്നീ അഞ്ചു പുതുമുഖ നായികമാരെയാണ് ഒമർ ലുലു അവതരിപ്പിക്കുന്നത്. ഇവരെ കൂടാതെ വിജീഷ് വിജയൻ, ദാസേട്ടൻ കോഴിക്കോട്, പാലാ സജി, ശിവജി ഗുരുവായൂർ എന്നിവരും ചിത്രത്തിൽ വേഷമിടുന്നു.പ്രവാസിയായ കളന്തൂർ ആണ് നിർമാതാവ്. സിനു സിദ്ധാർഥ് ക്യാമറ കൈകാര്യം ചെയ്തിരിക്കുന്ന ചിത്രത്തിന് എഡിറ്റിംഗ് കൈകാര്യം ചെയ്തിരിക്കുന്നത് റതിൻ രാധാകൃഷ്ണനാണ്. ഹാപ്പി വെഡിങ് തൊട്ട് ഒരുപാട് നടീ നടന്മാരെ മലയാള സിനിമക്ക് സമ്മാനിച്ച വിശാഖ് പിവി ആണ് ഈ സിനിമയിലെ കാസ്റ്റിംഗ് വിഭാഗവും കൈകാര്യം ചെയ്തിരിക്കുന്നത്. ചിത്രത്തിന്റെ ജഞ്ചര പ്രതീഷ് ശേഖറാണ് കൈകാര്യം ചെയ്യുന്നത്.




## രഞ്ജിത്ത് ശങ്കറിന്റെ ഫോർ ഇയേർസ് ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസ് ചെയ്തു

കാമ്പസിലെ സൗഹൃദവും പ്രണയവും ഇഴചേരുന്ന രഞ്ജിത്ത് ശങ്കർ ചിത്രം ഫോർ ഇയേർസിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ പതിനായിരത്തിലധികം കോളേജ് കുട്ടികൾ കേരളപ്പിറവി ദിനത്തിൽ തങ്ങളുടെ സോഷ്യൽ മീഡിയയിലൂടെ റിലീസ് ചെയ്തു.പ്രിയാവാര്യരും സർജാനോ ഖാലിദും കേന്ദ്ര കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന ചിത്രം നവംബർ 25 നു തിയേറ്ററുകളിലെത്തുന്നു. ഡ്രീംസ് ആൻഡ് ബിയോണ്ടിന്റെ ബാനറിൽ ജയസൂര്യയും രഞ്ജിത്ത് ശങ്കറും നിർമിക്കുന്ന ചിത്രത്തിലെ താരങ്ങളും അണിയറപ്രവർത്തകരും കോതമംഗലം മാർഅത്തനേഷ്യസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, സെന്റ് മേരിസ് കോളേജ് തൃശൂർ, ക്രൈസ്റ്റ് കോളേജ് ഇരിഞ്ഞാലക്കുട, സെന്റ് തോമസ് കോളേജ് തൃശൂർ എന്നിവിടങ്ങളിലെ പതിനായിരത്തില്പരം വിദ്യാർത്ഥികളുടെ ഇൻസ്റ്റാഗ്രാം പ്രൊഫൈലിൽ കൂടിയാണ് ഫോർ ഇയേഴ്സിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസ് ചെയ്തത്.ഒരിടവേളക്ക് ശേഷം പ്രിയാ വാര്യർ കേന്ദ്ര കഥാപാത്രത്തിലൂടെ തിരിച്ചെത്തുന്ന ഫോർ ഇയേർസിന്റെ അണിയറപ്രവർത്തകർ ഇവരാണ്. ഛായാഗ്രഹണം സാലു കെ തോമസ്, എഡിറ്റർ സംഗീത് പ്രതാപ്, മ്യൂസിക് ശങ്കർ ശർമ്മ, സൗണ്ട് ഡിസൈൻ ആൻഡ് ഫൈനൽ മിക്സ് തപസ് നായക്, ലിറിക്സ് : സാന്ദ്രാ മാധവ്, സന്ധൂപ് നാരായണൻ, ആരതി മോഹൻ, അനു എലിസബത്ത്, വിവേക് മുഴക്കുന്ന്, രഞ്ജിത്ത് ശങ്കർ. മേക്കപ്പ് റോണക്സ് സേവിയർ, വസ്ത്രാലങ്കാരം രമ്യ സുരേഷ്, ആർട്ട് സൂരജ് കുറവിലങ്ങാട്, പ്രൊഡക്ഷൻ കൺട്രോളർ സജീവ് ചന്ദിരൂർ, അസിസ്റ്റന്റ് ഡയറക്ടർ അനൂപ് മോഹൻ എസ്സ്, അസിസ്റ്റന്റ് ഡിഓ പി ഹുസൈൻ ഹംസാ, ഡി ഐ രംഗ് റെയ്സ് മീഡിയ, വി എഫ് എക്സ് ഫോക്സ് ഡോട്ട് മീഡിയ, ഫിനാൻസ് കൺട്രോളർ വിജീഷ് രവി, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് ലിബിൻ വർഗീസ്, പ്രൊഡക്ഷൻ മാനേജർ എൽദോസ് രാജു, സ്റ്റിൽ സജിൻ ശ്രീ, ഡിസൈൻ ആന്റണി സ്റ്റീഫൻ, പി ആർ ഓ പ്രതീഷ് ശേഖർ.




## സാറ്റർഡേ നൈറ്റ് നവംബർ നാലിന് പ്രദർശനത്തിന് എത്തും

നിവിൻ പോളിയും റോഷൻ ആൻഡ്രൂസും 'കായംകുളം കൊച്ചുണ്ണി' എന്ന ചിത്രത്തിന് ശേഷം ഇരുവരും വീണ്ടും ഒന്നിക്കുന്ന ചിത്രമാണ് സാറ്റർഡേ നൈറ്റ്. ചിത്രത്തിൻറെ പുതിയ പോസ്റ്റർ പുറത്തുവിട്ടു . ചിത്രം നവംബർ നാലിന് പ്രദർശനത്തിന് എത്തും.'അനുരാഗ കരിക്കിൻ വെള്ളം' ഫെയിം നവീൻ ഭാസ്കർ തിരക്കഥയെഴുതിയിരിക്കുന്ന ചിത്രത്തിന്റെ ഭൂരിഭാഗവും ദുബായിൽ ചിത്രീകരിച്ചു. മാളവിക ശ്രീനാഥാണ് നായിക. മുമ്ബ് 'മധുരം' എന്ന സിനിമയിൽ ഒരു ചെറിയ വേഷം ചെയ്തിട്ടുണ്ട്. സിജു വിൽസൺ, അജു വർഗീസ്, സൈജു കുറുപ്പ്, സാനിയ ഇയ്യപ്പൻ എന്നിവരും അഭിനയിക്കുന്നു. റോഷൻ ആൻഡ്രൂസിനൊപ്പം 'നോട്ട്ബുക്ക്', 'മുംബൈ പൊലീസ്', 'ഇവിടം സ്വർഗമാണ്', 'ഹൗ ഓൾഡ് ആർ യു' എന്നീ ചിത്രങ്ങളിൽ പ്രവർത്തിച്ചിട്ടുള്ള ആർ ദിവാകരൻ തന്നെയാണ് ഈ സിനിമയുടെയും ഡിഒപി. ജേക്സ് ബിജോയ് ആണ് സംഗീത സംവിധായകൻ. ദുൽഖർ ചിത്രം സല്യൂട്ടിന് ശേഷം റോഷൻ ആൻഡ്രൂസ് ഒരുക്കുന്ന ചിത്രമാണിത്




## 1744 വൈറ്റ് ആൾട്ടോ റിലീസ് മാറ്റി

ഷറഫുദ്ദീൻ നായകനാവുന്ന സെന ഹെഗ്ഡെയുടെ 1744 വൈറ്റ് ആൾട്ടോ എന്ന ചിത്രത്തിന്റെ റിലാസ് മാറ്റി.നവംബർ നാലിനു പ്രദർശനത്തിന് എത്തുമെന്ന് പ്രഖ്യാപിച്ചിരുന്ന ചിത്രം നവംബർ 18നായിരിക്കും തിയറ്ററുകളിൽ എത്തുക.'കൂട്ടയിടിയും കൂട്ട മരണവും ഒഴിവാക്കാൻ 1744 വൈറ്റ് ആൾട്ടോ നവംബർ 18ലേക്ക് റിലീസ് നീക്കി വെച്ചിരിയ്ക്കുന്ന വിവരം അറിയിച്ചു കൊള്ളുന്നു', ഷറഫുദ്ദീൻ കുറിച്ചു.തിങ്കളാഴ്ച നിശ്ചയം എന്ന ഹിറ്റ് ചിത്രത്തിന് ശേഷം സെന്ന സംവിധാനം ചെയ്യുന്ന ചിത്രം കൂടിയാണിത്. ചിത്രത്തിൽ വിൻസി അലോഷ്യസ് ആണ് നായിക. രാജേഷ് മാധവൻ, നവാസ് വള്ളിക്കുന്ന്, ആര്യ സലിം, ആനന്ദ് മൻമഥൻ, സജിൻ ചെറുകയിൽ, ആർജെ നിൽജ, രഞ്ജി കാങ്കോൽ എന്നിവരാണ് മറ്റ് കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. കബിനി ഫിലിംസിന്റെ ബാനറിൽ മൃണാൾ മുകുന്ദൻ, ശ്രീജിത്ത് നായർ, വിനോദ് ദിവാകർ എന്നിവർ ചേർന്നാണ് സിനിമ നിർമ്മിക്കുന്നത്. ഡ്രീം ബിഗ് ഫിലിംസാണ് വിതരണം.



## ഗഫൂർക്ക ദോസ്ത് ചിത്രീകരണം തുടങ്ങി

മാമുക്കോയയെ കേന്ദ്രകഥാപാത്രമാക്കി സ്നേഹജിത്ത് കഥയും സംവിധാനവും നിർവഹിക്കുന്ന ഗഫൂർക്ക ദോസ്ത് സിനിമയുടെ ചിത്രീകരണം കൊച്ചിയിൽ തുടങ്ങി. സീൻ നമ്പർ 001, ദൈവം സാക്ഷി എന്നീ സിനിമകൾക്ക് ശേഷം സ്നേഹജിത്ത് ഒരുക്കുന്ന ചിത്രമാണിത്.ഹാസ്യരസപ്രദമായ ഈ കുടുംബചിത്രത്തിൽ മാമുക്കയോടൊപ്പം സുധീർ കരമന, ഷിബു തിലകൻ, സുധീർ പറവൂർ, ഹാഷിം ഹുസൈൻ, കലാഭവൻ ഹനീഫ്,സാജൻ പള്ളുരുത്തി,രജിത് കുമാർ,ഷൈജു അടിമാലി, ഉല്ലാസ് പന്തളം, മെറീന മൈക്കിൾ തുടങ്ങിയവർ അഭിനയിക്കുന്നു.എ സ്ക്വയർ ഫിലിംസിൻറെ ബാനറിൽ ഹദ്ദാദാണ് ചിത്രം നിർമിക്കുന്നത്. തിരക്കഥ തോമസ് തോപ്പിൽകൂടി. ബിനു എസ്.നായർ ഛായാഗ്രാഹണവും സനൽ അനിരുദ്ധൻ എഡിറ്റിംഗും നിർവഹിക്കുന്നു. സന്തോഷ് വർമ, ഷിജു അഞ്ചുമന എന്നിവരുടെ ഗാനങ്ങൾക്ക് യൂനിസിയോ സംഗീതം പകരുന്നു.




## ആഷിഖ് അബുവിൻറെ നീലവെളിച്ചം; ഫസ്റ്റ്ലുക്ക്

വൈക്കം മുഹമ്മദ് ബഷീറിൻറെ 'ഭാർഗ്ഗവീനിലയം' എന്ന വിഖ്യാത തിരക്കഥയെ അടിസ്ഥാനമാക്കി ഒരുക്കുന്ന നീലവെളിച്ചം സിനിമയുടെ പുതിയ പോസ്റ്റർ പുറത്തിറക്കി.ആഷിഖ് അബുവാണ് ചിത്രം സംവിധാനം ചെയ്യുന്നത്. റോഷൻ മാത്യുവിൻറെ ഫസ്റ്റ്ലുക്കാണ് പുറത്തുവിട്ടിരിക്കുന്നത്.ടൊവിനോ തോമസ്, റിമ കല്ലിങ്കൽ, റോഷൻ മാത്യു, ഷൈൻ ടോം ചാക്കോ, രാജഷ് മാധവൻ, ഉമ കെ.പി., പൂജാ മോഹൻരാജ്, ദേവകി ഭാഗി തുടങ്ങിയവരാണ് സിനിമയിൽ പ്രധാന വേഷങ്ങളിൽ അഭിനയിക്കുന്നത്. ഒപിഎം സിനിമാസിൻറെ ബാനറിൽ നിർമിക്കുന്ന ചിത്രത്തിൻറെ പ്രധാന ലൊക്കേഷൻ തലശേരിയിലെ പിണറായിയാണ്.1964-ൽ വൈക്കം മുഹമ്മദ് ബഷീറിൻറെ തിരക്കഥയിൽ എ. വിൻസൻറ് സംവിധാനം ചെയ്ത ക്ലാസിക് ചിത്രം ഭാർഗവീനിലയത്തിൻറെ പുനരാവിഷ്കാരമാണ് നീലവെളിച്ചം. മധു, പ്രേംനസീർ, വിജയനിർമല, അടൂർ ഭാസി, കുതിരവട്ടം പപ്പു തുടങ്ങിയവരായിരുന്നു ചിത്രത്തിലെ പ്രധാനതാരങ്ങൾ. ഗിരീഷ് ഗംഗാധരൻ ഛായാഗ്രഹണം നിർവഹിക്കുന്നു. ബിജിബാൽ, റെക്സ് വിജയൻ എന്നിവരാണ് സംഗീതം. എഡിറ്റിംഗ് സൈജു ശ്രീധരൻ. ചിത്രം ജനുവരിയിൽ തിയറ്ററിലെത്തും.

BUSINESS NEWS




# കനത്ത നഷ്ടം രേഖപ്പെടുത്തി ടാറ്റ സ്റ്റീൽ

ടാറ്റാ സ്റ്റീലിന്റെ ലാഭം കുത്തനേ ഇടിഞ്ഞത് അപ്രതീക്ഷിതമായിരുന്നില്ല. അറ്റാദായം 90 ശതമാനം കുറഞ്ഞ് 1297 കോടി രൂപയായി.സ്റ്റീൽ വിൽപന റിക്കാർഡ് ആയി ഉയർന്നപ്പോഴാണു ലാഭത്തകർച്ച. സ്റ്റീൽ വിലയിടിവാണു ലാഭം കുറച്ചത്. യൂറോപ്യൻ വിപണിയിലാണു കൂടുതൽ നഷ്ടം. മൊത്തലാഭ മാർജിൻ 27.5 ശതമാനത്തിൽ നിന്ന് 10.5% ആയി. ബ്രിട്ടനിലെ യൂണിറ്റിന്റെ ഭാവിയെപ്പറ്റി അവിടത്തെ സർക്കാരുമായി കമ്പനി ചർച്ച നടത്തും.എൽ ആൻഡ് ടിയും ഭാരതി എയർടെലും പ്രതീക്ഷ പോലെ മെച്ചപ്പെട്ട റിസൽട്ടുകൾ പുറത്തുവിട്ടു. 4 ജി ഉപയോക്താക്കൾ കൂടിയത് എയർടെലിനു വരുമാനം കൂട്ടി. രണ്ടാം പാദ ലാഭം 89% വർധിച്ച് 2145.2 കോടി രൂപയായി. എൽ ആൻഡ് ടി അറ്റാദായം 22.5% ഉയർന്ന് 2229 കോടി രൂപയിലെത്തി. വരുമാനം 42,763 കോടി. കമ്പനിക്ക് 51,914 കോടിയുടെ കോൺട്രാക്ടുകൾ ലഭിച്ചു.



## വാണിജ്യാവശ്യത്തിനുള്ള പാചകവാതക വില 115 രൂപ കുറച്ചു

ന്യൂഡൽഹി: രാജ്യത്ത് വാണിജ്യാവശ്യത്തിനുള്ള പാചകവാതക സിലിണ്ടറിൻറെ വില കുറച്ചു. ഹോട്ടലുകളിലും റസ്റ്ററൻറുകളിലും ഉപയോഗിക്കുന്ന സിലിണ്ടറിന് 115 രൂപ 50 പൈസയാണ് കുറച്ചത്.ഇതോടെ, 19 കി.ഗ്രാമിൻറെ വാണിജ്യ സിലിണ്ടറിന് രാജ്യതലസ്ഥാനത്ത് 1744 രൂപയായി കുറഞ്ഞു.അന്താരാഷ്ട്ര വിപണിയിൽ അസംസ്കൃത എണ്ണ വില കുറഞ്ഞതാണ് ഇന്ത്യയിൽ പാചകവാതക വിലയിൽ പ്രതിഫലിച്ചത്.അതേസമയം, ഗാർഹിക ഉപയോഗത്തിനുള്ള പാചകവാതകത്തിൻറെ വില കുറച്ചിട്ടില്ല. ഡൽഹിയിൽ സബ്സിഡിയില്ലാത്ത 14.2 കി.ഗ്രാം ഗാർഹിക സിലിണ്ടറിന് 1053 രൂപയാണ് നിരക്ക്.

## അദാനി പോർട്സ് ലാഭത്തിൽ 69 ശതമാനം വർധന

**മുംബൈ:** ഗൗതം അദാനിയുടെ ഉടമസ്ഥതയിലുള്ള അദാനി പോർട്സിന്റെ ലാഭത്തിൽ 69 ശതമാനം വർധന. കഴിഞ്ഞ വർഷവുമായി താരതമ്യം ചെയ്യുമ്ബോഴാണ് ലാഭത്തിൽ വർധനയുണ്ടായിരിക്കുന്നത്.രണ്ടാം പാദത്തിന്റെ ലാഭക്കണക്കുകളാണ് ഇപ്പോൾ പുറത്ത് വന്നിരിക്കുന്നത്. 1,677.48 കോടിയുടെ ലാഭമാണ് രണ്ടാംപാദത്തിലുണ്ടായത്.വരുമാനത്തിൽ 33 ശതമാനം വർധനയും രേഖപ്പെടുത്തി. 5,210.8 കോടിയാണ് വരുമാനം. 1,311 കോടി ലാഭം കമ്ബനിക്കുണ്ടാവുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. കമ്ബനി കൈകാര്യം ചെയ്യുന്ന കാർഗോയിലും വർധനയുണ്ടായിട്ടുണ്ട്. സാമ്ബത്തിക വർഷത്തിന്റെ ഒന്നാംപാദത്തിലും അദാനി പോർട്സിന്റെ കാർഗോ ഇടപാടുകൾ വർധിച്ചിരുന്നു.രണ്ടാംപാദത്തിൽ കാർഗോയിൽ 35 ശതമാനം വർധനയാണുണ്ടായത്. അതേസമയം, അദാനി പോർട്സിന്റെ ഓഹരിവിലയും ഇന്ന് ഉയർന്നു. 17.35 രൂപ നേട്ടത്തോടെ 840.90 രൂപയിലാണ് ഓഹരികളുടെ വ്യാപാരം അവസാനിച്ചത്.

## 4ജി വരിക്കാരുടെ എണ്ണം വർധിച്ചു; അറ്റാദായം 89.1 % ഉയർത്തി ഭാരതി എയർടെൽ

നടപ്പ് സാമ്പത്തിക വർഷത്തിൻറെ രണ്ടാം പാദത്തിൽ 2,145 കോടി രൂപയുടെ അറ്റാദായം രേഖപ്പെടുത്തി ഭാരതി എയർടെൽ.അറ്റാദായം മുൻ വർഷത്തേക്കാൾ 89.1 ശതമാനം വർദ്ധിച്ചു. 2022-23ലെ ആദ്യ പാദവുമായി താരതമ്യപ്പെടുത്തുമ്ബോൾ അറ്റാദായം 33 ശതമാനം ഉയർന്നു. ആദ്യ പാദത്തിൽ കമ്ബനി 1,607 കോടി രൂപയുടെ അറ്റാദായം നേടിയിരുന്നു.4ജി വരിക്കാരുടെ എണ്ണത്തിലെ വർദ്ധനവും വരുമാനവും എയർടെല്ലിന് ഗുണം ചെയ്തു. രണ്ടാം പാദത്തിൽ കമ്ബനി 17.8 ദശലക്ഷം 4ജി ഉപഭോക്താക്കളെ ചേർത്തു. എയർടെൽ നിലവിൽ രാജ്യത്തെ എട്ട് നഗരങ്ങളിൽ 5 ജി ബീറ്റാ പരീക്ഷണങ്ങൾ നടത്തുന്നുണ്ട്. കഴിഞ്ഞ ഏഴ് പാദങ്ങളിലും കമ്ബനി ലാഭം നേടിയിരുന്നു. ജൂലൈ-സെപ്റ്റംബർ കാലയളവിൽ എയർടെല്ലിൻറെ ഏകീകൃത വരുമാനം 22 ശതമാനം ഉയർന്ന് 34,527 കോടി രൂപയായി.ഇന്ത്യയിൽ മാത്രം 24,333 കോടി രൂപയാണ് എയർടെല്ലിൻറെ വരുമാനം. ഒരു ഉപഭോക്താവിൽ നിന്ന് എയർടെൽ നേടുന്ന ശരാശരി വരുമാനം 24 ശതമാനം ഉയർന്ന് 190 രൂപയായി. സമീപഭാവിയിൽ ശരാശരി വരുമാനം 200 രൂപയായി ഉയർത്താനാണ് കമ്ബനി ലക്ഷ്യമിടുന്നത്.




# ബാങ്ക് ഓഫ് ബറോഡ: സൈനികർക്കായി പുതിയ ക്രെഡിറ്റ് കാർഡ് പുറത്തിറക്കി

പുതിയ ക്രെഡിറ്റ് കാർഡ് സംവിധാനവുമായി എത്തിയിരിക്കുകയാണ് രാജ്യത്തെ പ്രമുഖ പൊതുമേഖല ബാങ്കുകളിൽ ഒന്നായ ബാങ്ക് ഓഫ് ബറോഡ.ഇത്തവണ ഇന്ത്യൻ സൈനികർക്കായി പ്രത്യേകം രൂപകൽപ്പന ചെയ്തിട്ടുള്ള ക്രെഡിറ്റ് കാർഡുകളാണ് ബാങ്ക് ഓഫ് ബറോഡ അവതരിപ്പിച്ചിരിക്കുന്നത്. റിപ്പോർട്ടുകൾ പ്രകാരം, ഇന്ത്യൻ ആർമി യോദ്ധ കോ ബ്രാൻഡഡ് ക്രെഡിറ്റ് കാർഡാണ് ബാങ്ക് പുറത്തിറക്കിയത്. ഇതോടെ, ഇന്ത്യൻ സൈനികർക്ക് മാത്രമായി പ്രത്യേക ആനുകൂല്യങ്ങൾ ഈ ക്രെഡിറ്റ് കാർഡിലൂടെ നേടാൻ സാധിക്കും.മിലിറ്ററി സ്റ്റേഷൻ കമാൻഡർ ബ്രിഗേഡിയർ ലളിത് ശർമ്മ, ബാങ്ക് ഓഫ് ബറോഡ സോണൽ ഹെഡും എറണാകുളം ജനറൽ മാനേജരുമായ ശ്രീജിത്ത് കൊട്ടാരത്തിൽ എന്നിവർ ചേർന്നാണ് സൈനികർക്കുള്ള ക്രെഡിറ്റ് കാർഡ് പുറത്തിറക്കിയത്. തിരുവനന്തപുരം മിലിറ്ററി സ്റ്റേഷനിലാണ് ചടങ്ങ് സംഘടിപ്പിച്ചത്. ചടങ്ങിൽ നിരവധി പേരാണ് പങ്കെടുത്തത്. ഈ സേവനം എല്ലാ സൈനികർക്കും പ്രയോജനപ്പെടുത്താവുന്നതാണ്.




## ജില്ലാ റോളർ സ്കേറ്റിങ് ചാമ്പ്യൻ ഷിപ്പ് സമാപിച്ചു

**കൊല്ലം:** യുവ തലമുറയെ തകർക്കുന്ന വിനാശകരമായ ലഹരി ഉപയോഗത്തെ ചെറുത്തു തോൽപ്പിച്ച് യുവാക്കളെ നല്ല പൗരന്മാരായി മാറ്റാൻ ശ്രമം നടത്തണമെന്ന് എൻ.കെ.പ്രേമചന്ദ്രൻ എം.പി. പറഞ്ഞു. കായിക വിനോദങ്ങളിൽ ഏർപ്പെടുന്നവർക്ക് ഇത്തരം തെറ്റായ മേഖലയിലേക്ക് തിരിയാൻ താത്പര്യമുണ്ടാകില്ലെന്നും റോളർ സ്കേറ്റിങ് പ്രോത്സാഹിപ്പിക്കാൻ എല്ലാ സഹായങ്ങളും ഉണ്ടാകുമെന്നും എം.പി. കൂട്ടിച്ചേർത്തു. മൂന്നു ദിവസമായി കൊല്ലം, കരുനാഗപ്പള്ളി എന്നിവിടങ്ങളിൽ നടന്ന ജില്ലാ കേഡറ്റ് സബ് ജൂനിയർ, ജൂനിയർ, സീനിയർ, മാസ്റ്റേഴ്സ് റോളർ സ്കേറ്റിങ് ചാമ്പ്യൻ ഷിപ്പിന്റെ സമാപന ചടങ്ങ് കൊല്ലത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ആശ്രാമം ഹോക്കി സ്റ്റേഡിയം കോൺഫെറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ ജില്ലാ റോളർ സ്കേറ്റിങ് അസോസിയേഷൻ സീനിയർ വൈസ് പ്രസിഡൻറ് എൻ. ശങ്കരനാരായണ പിള്ള അധ്യക്ഷത വഹിച്ചു. സെക്രട്ടറി പി.ആർ. ബാലഗോപാൽ, ജോയിൻറ്സെക്രട്ടറി പി. അശോകൻ തുടങ്ങിയവർ സംസാരിച്ചു. മത്സര വിജയികൾക്ക് എം.പി. മെഡലുകൾ വിതരണം ചെയ്തു. ജില്ലാ ചാമ്പ്യൻ ഷിപ്പിൽ മികച്ച നേട്ടം കരസ്ഥമാക്കിയവർ മൂന്നു മുതൽ 14 വരെ വടകര, കോഴിക്കോട്, തൊടുപുഴ, ആലപ്പുഴ എന്നിവിടങ്ങളിൽ നടക്കുന്ന സംസ്ഥാന ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുമെന്ന് അസോസിയേഷൻ ജില്ലാ സെക്രട്ടറി പി.ആർ. ബാലഗോപാൽ അറിയിച്ചു.



## അഡ്‌ലെയ്ഡിൽ ഇന്ത്യയ്ക്ക് നാളെ നിർണായകം: കാലാവസ്ഥാ വില്ലനാകുമെന്ന് പ്രവചനം

**സിഡ്നി:** ടി20 ലോകകപ്പിൽ സെമി ബർത്തുറപ്പിക്കാൻ ഇന്ത്യ നാളെ ഇറങ്ങും. ബംഗ്ലാദേശാണ് ഇന്ത്യയുടെ എതിരാളികൾ.മത്സരത്തിന് മുമ്പായി ആശങ്കയുടെ വാർത്തയാണ് ഇന്ത്യൻ ആരാധകരെ തേടിയെത്തിയിരിക്കുന്നത്. മത്സരത്തിന് വേദിയായ അഡ്‌ലെയ്ഡിൽ ഇന്ന് രാവിലെ മുതൽ കനത്ത മഴയാണ്.അതേസമയം, മഴ സാധ്യതയുണ്ടെങ്കിലും മത്സരം നടക്കുമെന്നാണ് പുറത്തുവരുന്ന റിപ്പോർട്ട്. ഇന്ന് 95 ശതമാനം മഴ സാധ്യത പ്രവചിക്കപ്പെട്ട അഡ്‌ലെയ്ഡിൽ മത്സര ദിവസമായ ബുധനാഴ്ച 70 ശതമാനം മഴ സാധ്യതയാണ് ഓസ്ട്രേലിയൻ കാലവസ്ഥാ വകുപ്പ് പ്രവചിച്ചിരിക്കുന്നത്.ആകാശം മേഘാവൃതമായിരിക്കുമെന്നും നാളെ ഒരു മില്ലി മീറ്റർ മുതൽ മൂന്ന് മില്ലി മീറ്റർ വരെ മഴ പെയ്യാനിടയുണ്ടെന്നുമാണ് പ്രവചനം. ബുധനാഴ്ച അഡ്‌ലെയ്ഡിൽ 25–35 കിലോമീറ്റർ വേഗതയിൽ കാറ്റടിക്കാനും സാധ്യതയുണ്ട്. എന്നാൽ, ഇരു ടീമിനവും സെമി ബർത്ത് ഉറപ്പാക്കാനുള്ള പോരാട്ടം ഏറെ നിർണായകമാണ്.മൂന്ന് മത്സരങ്ങളിൽ അഞ്ച് പോയിൻറുമായി ദക്ഷിണാഫ്രിക്കയാണ് രണ്ടാം ഗ്രൂപ്പിൽ നിലവിൽ ഒന്നാമത്. മൂന്ന് മത്സരങ്ങളിൽ രണ്ട് വീതം ജയവുമായി ഇന്ത്യയും ബംഗ്ലാദേശും യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളിൽ നിൽക്കുന്നു. നെറ്റ് റൺറേറ്റിൻറെ ആനുകൂല്യം ഇന്ത്യക്കുണ്ട്. ഇന്ത്യക്ക് പുറമെ പാകിസ്ഥാനേയും തോൽപിക്കാതെ ബംഗ്ലാദേശിന് മുന്നോട്ടുപോവുക പ്രയാസമാണ്.

# ന്യൂസിലാന്റിനെതിരെ ഇംഗ്ലണ്ടിന് 20 റൺസ് ജയം; ഗ്രൂപ്പിൽ രണ്ടാമത്

**ബ്രിസ്ബെൻ:** ജീവന്മരണ പോരാട്ടത്തിൽ ന്യൂസിലാന്റിനെതിരെ ഇംഗ്ലണ്ടിന് 20 റൺസ് ജയം. ഇംഗ്ലണ്ട് ഉയർത്തിയ 180 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ന്യൂസിലാന്റ് 159 റൺസിന് പുറത്തായി.ഇതോടെ അഞ്ചുപോയിന്റ് വീതം നേടിയ ന്യൂസിലാന്റ്, ഇംഗ്ലണ്ട്, ഓസ്ട്രേലിയ ടീമുകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളിലെത്തി. മൂന്ന് ടീമുകൾക്കും അവസാന മത്സരം നിർണ്ണായകമായി. ന്യൂസിലാന്റ് അവസാന മത്സരത്തിൽ അയർലാന്റിനെ നേരിടും. ഓസ്ട്രേലിയ അഫ്ഗാനിസ്ഥാനെയും ഇംഗ്ലണ്ട് ശ്രീലങ്കയെയും നേരിടും.ഇംഗ്ലണ്ട് ഉയർത്തിയ വിജയലക്ഷ്യം പിന്തുടർന്ന കീവീസിന് സ്കോർബോർഡിൽ 28 റൺസ് മാത്രമുള്ളപ്പോൾ ഓപ്പണർമാരായ ഫിൻ അലനെയും ഡെവോൺ കോൺവെയും നഷ്ടമായി. തുടർന്ന് വൺ ഡൗണായി എത്തിയ കെയ്ൻ വില്യംസണും കഴിഞ്ഞ മത്സരത്തിലെ വിജയശിൽപി ഗ്ലെൻ ഫിലിപ്സും ചേർന്ന സഖ്യമാണ് വൻ തകർച്ചയിൽ നിന്ന് കീവീസിനെ രക്ഷിച്ചത്. ഇരുവരും ചേർന്ന കൂട്ടുകെട്ട് 91 റൺസ് നേടി. കെയ്ൻ വില്യംസണിനെ ബെൻ സ്റ്റോക്സ് പറഞ്ഞയച്ചതിന് പിന്നാലെ ന്യൂസിലാന്റ് ഇംഗ്ലണ്ടിന് മുന്നിൽ തകർന്നു. പിന്നീടിറങ്ങിയ ജയിംസ് നീഷം, ഡാരിൽ മിച്ചൽ എന്നിവർക്ക് തിളങ്ങാനായില്ല. നീഷം ആറ് റൺസിനും മിച്ചൽ മൂന്ന് റൺസിനും പുറത്തായി. മിച്ചൽ സാന്റ്നർ 16 റണ്ണെടുത്തും ഇഷ് സോധി ആറ് റണ്ണെടുത്തും പുറത്താകാതെ നിന്നു.നേരത്തെ ടോസ് നേടിയ് ഇംഗ്ലണ്ട് നിശ്ചിത 20 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ 179 റൺസ് അടിച്ചെടുത്തു. ജോസ് ബട്‌ലറിന്റെയും അലക്സ് ഹെയ്ൽസിന്റെയും അർദ്ധ സെഞ്ചുറി മികവിലാണ് ഇംഗ്ലണ്ട് ഭേദപ്പെട്ട സ്കോർ അടിച്ചെടുത്തത്.ബാറ്റിംഗ് ദുഷ്കരമായ പിച്ചിൽ ഇംഗ്ലണ്ട് ഓപ്പണർമാരായ ജോസ് ബട്‌ലറും അലക്സ് ഹെയ്ൽസും ഉജ്വല തുടക്കമാണ് നൽകിയത്. ഇരുവരും ചേർന്ന ഓപ്പണിംഗ് കൂട്ടുകെട്ട് 10 ഓവറിൽ 81 റൺസ് നേടി. രണ്ടുതവണ ആയുസ് കിട്ടിയ ബട്‌ലറുടെ ഇന്നിംഗ്സാണ് ഇംഗ്ലണ്ട് ടീമിന് കരുത്തായത്. ഹെയ്ൽസിനെ വീഴ്ത്തി മിച്ചൽ സാന്റ്നറാണ് കീവിസിന് ആദ്യ ബ്രേക്ക് ത്രൂ നൽകിയത്. 40 പന്തിൽ 52 റൺസെടുത്ത ഹെയ്ൽസ് കീപ്പറിന്റെ കൈകളിൽ ഒതുങ്ങി. തുടർന്ന് വൺ ഡൗണായി ഇറങ്ങിയ മോയീൻ അലിയുമൊത്തി ജോസ് ബട്‌ലർ സ്കോർ 100 കടത്തി. എന്നാൽ അഞ്ച് റൺസെടുത്ത മോയിൻ അലിയെ ഇഷ് സോധി പുറത്താക്കി. ഫോം കണ്ടെത്താൻ വിഷമിക്കുന്ന മോയിൻ അലി 6 പന്തിൽ കേവലം അഞ്ച് റൺസാണ് എടുത്തത്. തുടർന്നിറങ്ങിയ ലിവിംഗ്സറ്റണിനൊപ്പം ആഞ്ഞടിച്ചു കളിച്ച ബട്‌ലർ സ്കോർ ബോർഡ് വേഗത്തിൽ ചലിപ്പിച്ചു. ലിവിംഗ്സ്റ്റൺ 14 പന്തിൽ 20 റൺസ് നേടി. 47 പന്തിൽ 73 റൺസ് നേടിയ ജോസ് ബട്‌ലറിനെ 19ാം ഓവറിൽ സൗത്തിയും വില്യംസണും ചേർന്ന് റണ്ണൗട്ടാക്കി. രണ്ട് സിക്സറുകളുടെയും ഏഴ് ബൗണ്ടറികളുടെയും അകമ്ബടിയോടെയായിരുന്നു ബട്‌ലർ 73 റൺസ് അടിച്ചെടുത്തത്. ഹാരി ബ്രൂക്ക് ഏഴ് റണ്ണിനും ബെൻ സ്റ്റോക്സ് എട്ടു റണ്ണിനും പുറത്തായി.കീവീസിനുവേണ്ടി ലോക്കി ഫെർഗൂസൻ രണ്ട് വിക്കറ്റും ടിം സൗത്തി, മിച്ചൽ സാന്റ്നർ, ഇഷ് സോധി ഒരു വിക്കറ്റ് വീതവും വീഴ്ത്തി. കഴിഞ്ഞ മത്സരത്തിലെ വിജയശിൽപി ട്രെന്റ് ബോൾട്ടിന് ഇംഗ്ലണ്ടിനെതിരെ തിളങ്ങാനായില്ല. നാല് ഓവറിൽ 40 റൺസാണ് ബോൾട്ട് വിട്ടുകൊടുത്തത്.




EDITORS CHOICE





# ഇസ്കെമെക് സ്ട്രോക് അപകടങ്ങൾ ഒഴിവാക്കാം

**തിരുവനന്തപുരം:** ഇസ്കെമെക് സ്ട്രോക്കുമായി ബന്ധപ്പെട്ട അപകട സാധ്യതകൾ മികച്ച രീതിയിൽ കൈകാര്യം ചെയ്ത് അത്യാഹിതങ്ങൾ ഒഴിവാക്കാനാവുമെന്ന് വിദഗ്ദ്ധർ ചൂണ്ടിക്കാട്ടുന്നു. അനാരോഗ്യകരമായ ഭക്ഷണ ശീലങ്ങൾ, ശാരീരിക പ്രവർത്തനങ്ങളുടെ അഭാവം, സമ്മർദ്ദത്തിൽ അടിപ്പെട്ടുള്ള ജോലി തുടങ്ങിയവ സ്ട്രോകിനുള്ള സാധ്യത വർധിപ്പിക്കും. രക്ത ധമനികളിൽ ബ്ലോക്കോ തലച്ചോറിലേക്ക് ഓക്സിജനും നൂട്രിയന്റുകളും നൽകുന്ന ധമനികളിൽ ബ്ലീഡിങ്ങോ ഉണ്ടാകുമ്പോഴാണ് സ്ട്രോക് സംഭവിക്കുന്നത്. രക്ത ധമനികളിലെ ബ്ലോക്കിനെയാണ് ഇസ്കെമിക് സ്ട്രോക് എന്നു വിളിക്കുന്നത്. ആഗോള തലത്തിൽ സംഭവിക്കുന്ന സ്ട്രോകുകളിൽ 87 ശതമാനത്തിനും ഇതാണു കാരണമാകുന്നത്. സ്ട്രോകിനു കാരണമാകുന്നവയിൽ മാറ്റിയെടുക്കാനാവുന്നതും അല്ലാത്തതുമായ ഘടകങ്ങളുണ്ട്. അമിത വണ്ണം, മദ്യം, മയക്കു മരുന്ന് ഉപയോഗം, പുകവലി, സമ്മർദ്ദം, പരിസ്ഥിതി മലിനീകരണം, ജീവിത ശൈലി തുടങ്ങിയവ മാറ്റിയെടുക്കാവുന്ന ഘടകങ്ങളാണ്. അതേ സമയം ജനിതകം, പ്രായം, സ്ത്രീയോ പുരഷനോ എന്നത് (പുരുഷൻമാർക്ക് സ്ട്രോക് ഉണ്ടാകാനുള്ള സാധ്യത കൂടുതലായി കാണുന്നു), ഹൈപർടെൻഷൻ, പ്രമേഹം, ജന്മനായുള്ള പ്രശ്നങ്ങൾ തുടങ്ങിയവ മാറ്റിയെടുക്കാനാവാത്ത ഘടകങ്ങളായി കണക്കാക്കാം.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com